# പഴഞ്ചൊല്ലുകൾ

## മലയാളം

സമ്പാദകൻ ജോയിക്കുട്ടി, ഡിട്രോയിറ്റ്

# പ്രത്യേകമായ അറിയിപ്പ്

ഈ പുസ്തകത്തിലുള്ളതെല്ലാം ഞാൻ കേട്ടറിഞ്ഞിട്ടുള്ളതും, വായിച്ചു മനസ്സിലാക്കിയിട്ടുള്ളതുമാണ്. ഇപ്പോൾ ഓർമ്മയിലുള്ളതു മാത്രമേ ഇവിടെ കൊടുക്കാൻ സാധിച്ചിട്ടുള്ളു. ഇതിൽ കൊടുത്തിരിക്കുന്നതിലും അധികമായി പഴഞ്ചൊല്ലുകൾ ഉണ്ടെന്നെനിക്കറിയാം. അവയെല്ലാം ചേർത്തു വരുമ്പോൾ വളരെയധികം സമയം പിടിക്കുമെന്നതുകൊണ്ടാണ് ഇപ്പോളുള്ളതുമായി പ്രസിദ്ധീകരിക്കാൻ നിബന്ധിതനായത്.

ഈ പഴഞ്ചൊല്ലുകളുടെ മധുരിമ നഷ്ടപ്പെടാതിരിക്കാനായി അതിന്റെ തനിമയിൽ സംശുദ്ധി വരുത്താതെ അതുപോലെ ചേർത്തിരിക്കുന്നതിൽ, ദയവായി ആരും നെറ്റി ചുളിക്കുകയില്ലല്ലോ.

നിങ്ങളുടെ എല്ലാവിധ പ്രോത്സാഹനങ്ങളും പ്രതീക്ഷിക്കുന്നു.

ജോയിക്കുട്ടി

# "പഴഞ്ചൊല്ലിൽ പതിരില്ല"

അക്ഷരങ്ങളിൽ ആദ്യത്തേതായ് അകാരം ഓം കാരത്തിനു മുമ്പുണ്ടായോ
അദ്ധ്വാനിക്കുന്നോർക്കും ഭാരം ചുമക്കുന്നോർക്കും അത്താണിയായുള്ളോൻ യേശുനാഥൻ
അമ്മയുമച്ഛനുമൊത്തൊരുമിച്ചു നിന്നാൽ മക്കൾ നല്ലതായ് തീരും
അച്ഛനുമമ്മയും ഒന്നിച്ചു നിന്നാൽ ഇച്ഛിച്ചതെല്ലാം നടക്കും
അമ്മയ്ക്കുമ്മ കൊടുക്കാൻ മക്കളൊരായിരം
അച്ചനെ പേടിക്കുന്നത് മസിലു കണ്ടിട്ടല്ല
അവനെപ്പോലാരു ജനിച്ചു ഭൂവിൽ എളിമയോടെ
അവൻ ദൈവമെന്നറികെ താഴ്മ കാട്ടിയതെന്തിന്
അസൂയയില്ലാത്തവരാരുണ്ടീയുലകിൽ
അസൂയക്കും കഷണ്ടിക്കും മരുന്നില്ല
അരയിൽ സ്വർണ്ണ അരഞ്ഞാണമിട്ടാൽ ആരു കാണാൻ
അമ്മേടെ കല്യാണത്തിന് താലപ്പൊലിയേന്തി മക്കൾ
അമ്മയോടിഷ്ടം കൂടാൻ ആരുടേം അനുവാദം വേണ്ടല്ലോ
അമിതാഹാരം ആരോഗ്യഹാനി
അമിതഭാഷിണിയുടെ വായിൽ നാറ്റം കാണില്ല
അമിതസ്നേഹം കുടികെടുത്തും
അധിക സംസാരം ആപത്തു വിളിച്ചു വരുത്തും
അരുതാത്തത് ചെയ്താലതെല്ലാം പാപം
അദ്ധ്യാപകന്റെ വായിൽ നിന്നും അശ്ലീലം പഠിക്കാൻ പറ്റോ
അദ്ധ്യാപകൻ എന്തിനു വിദ്യാർത്ഥിയെ പഠിപ്പിക്കുന്നു
അദ്ധ്യാപകർക്കുണ്ടാകുന്ന മക്കൾ സമർത്ഥന്മാർ
അഴകുള്ള ചക്കയിൽ ചുളയില്ല
അമ്മ തിന്നാലും അടുക്കള തിന്നരുത്
അങ്ങനെനിക്കമേരിക്കയ്ക്കു പോകണ്ടാ
അക്കരനിക്കുമ്പം ഇക്കര പച്ച; ഇക്കര നിക്കുമ്പം അക്കരപച്ച
അരമന രഹസ്യം അങ്ങാടി പരസ്യം
അണ്ണാൻ മൂത്താലും മരകേറ്റം മറക്കില്ല
അണ്ടിയോടടുക്കുമ്പോളറിയാം മാങ്ങായുടെ പുളി
അനുദിനം ഭോഗം ചെയ്യുന്നവന് ആയുസ്സിന് ദൈർഘ്യം
അണ്ണാൻകുഞ്ഞും തന്നാലായത്

അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
അണ്ടികളഞ്ഞ അണ്ണാനെപോലെ
അമ്മയ്ക്കു പ്രാണവേദന മോക്ക് വീണ വായന
അമ്മേടെ കൂടെകിടക്കുന്നവൻ മോളേ കാണുമ്പം കൊതിക്കുന്നതെന്തിന്
അരിമണിയൊന്ന് കൊറിപ്പാനില്ല; തരിവളയിട്ടു കിലുക്കാൻ മോഹം
അല്പനൈശര്യം വന്നാൽ അദ്ധ്രാത്രി കുട പിടിക്കും
അരിയും തിന്നു ആശാരിയേയും കടിച്ചു പിന്നെയും പട്ടിയ്ക്കാണ് മുറുമുറുപ്പ്
അട്ടേ പിടിച്ചു മെത്തേൽ കിടത്തിയാൽ കിടക്കുമോ
അധികമായാൽ അമൃതും വിഷം
അട്ടയ്ക്കു കണ്ണും കുതിരയ്ക്കു കൊമ്പും കൊടുത്തിട്ടില്ല
അയത്തിൽതണ്ടാന്റെ തലേലെഴുത്ത് അമത്തി ചൊരച്ചാലും മാറുമോ
അധികചിത്രം ഓട്ടപാത്രം
അയൽപക്കത്തെ ഉരുള ബാക്കി വെച്ചേക്കണം
അടിച്ചുകൂട്ടുമ്പോൾ കട്ടിലിനു കാലു നാലു വേണം
അമ്മായിയപ്പനു പണമുണ്ടെങ്കിൽ കല്യാണം ബഹു കേമം
അവളോടിമ്പം കൂടുമ്പോളുണ്ടായിരുന്നപൊലല്ലിപ്പം
അവളുടെ പാട് അവളു തന്നെ ഇടത്തോട്ട്
അടികൊള്ളാൻ ചെണ്ടയും പണം വാങ്ങാൻ മാരാനും
അറിയാത്ത പിള്ള ചൊറിയുമ്പം അറിയും
അപ്പം തിന്നാൽ പോരെ കുഴി എണ്ണണോ
അപ്പന്റടി കിട്ട്യാലും വേണ്ടില്ല; അയലത്തെ പെണ്ണിനെ ചുംബിച്ചേ പറ്റൂ
അടിച്ച വഴിയേ പോയില്ലങ്കിൽ പോയ വഴിയേ അടി
അമ്മയും മോളും പെണ്ണു തന്നെ
അച്ഛൻ ആനപ്പുറമേറിയാൽ മകന്റെ ചന്തിക്ക് തഴമ്പു വരുമോ
അനച്ച വെള്ളത്തിൽ വീണ പൂച്ച പച്ച വെള്ളം കാണുമ്പം അറയ്ക്കും
അഴകിയവനെകണ്ട് അപ്പായെന്നു വിളിക്കരുത്
അഞ്ജനമെന്നത് ഞാനറിയും മഞ്ഞളു പോലെ വെളുത്തിരിക്കും
അറിവില്ലാത്തവന്റെ കയ്യിൽ പഴഞ്ചൊല്ലു കിട്ടിയാലെന്തു ഫലം
അന്ധന് അന്ധനെ വഴികാട്ടാൻ പറ്റുമോ
അമ്പാടൻ ആലപ്പുഴക്കു പോയപോലെ
അച്ചന്റെ ഭാര്യ അച്ചിയാകുമോ
അച്ചിയുടെ ഇഛരം സാധിച്ചാൽ അന്തിക്കു പരമസുഖം
അച്ചിയുടെ ഇഛരത്തിനൊത്തു നിന്നാൽ നായക്കു പരമസുഖം
അച്ചിയുടെ ഇഛരത്തിനൊത്തു തുള്ളുന്ന നായർ
അച്ചിക്കു സുഖം കൂടുമ്പോൾ നായരെ മാനിക്കും

അയലത്തെ പെണ്ണിനെ പ്രേമിച്ചതിന് അപ്പനെന്തിനടിക്കുന്നു
അമ്മയാണേലും അർത്ഥം വെച്ച് പറയരുത്
അമ്പലം വിഴുങ്ങി, ആറാട്ടു വിഴുങ്ങി, ദേവനെ മാത്രം വിഴുങ്ങരുത്
അമ്പലം കണ്ടേ വിഗ്രഹം പ്രതിഷ്ഠിക്കാവൂ
അമ്മയോടു കളിച്ചാൽ അപ്പന്റടി കിട്ടും
അല്ലലുള്ള പുലകി ചുള്ളിലുള്ള കാടറിയും
അധമന്മാരോടുചിതം മൗനം
അരവും അരവും ചേർന്നാൽ കിന്നരമാകും
അസൂയക്കും കഷണ്ടിക്കും മരുന്നില്ല
അന്തിയ്ക്കുറങ്ങാൻ നേരം അന്തകത്തിലഗ്നിയുണ്ടാവരുത്
അന്നന്നുള്ളന്നം എന്നും നന്നായി ലഭിപ്പാൻ അർത്ഥിച്ചീടാം
അടയ്ക്കയാണേൽ മടിയിൽ വെക്കാം മരമായാലോ
അന്ധന്മാരാനയെ കണ്ടതു പോലെ
അപ്പനിഷ്ടമില്ലാത്തത് അമ്മ ചോദിക്കുമോ
അമ്മേടെകൂടെ കിടന്നുറങ്ങിയതിനപ്പനെന്തേ തല്ലുന്നു
അവിടം കീറിയാലും ഇവൻ കേറി പോകട്ടെ
അന്തിയ്ക്കുറങ്ങാൻ അയൽക്കാരനും ചെലവിനു കൊടക്കാൻ നായരും
അവൾക്കു കാമം മൂത്താൽ ഒതുക്കി തീർക്കാൻ അതിപ്രയാസം
അന്നം മോഹിച്ച് അയലത്തെ വീട്ടിൽ എന്നും കേറിച്ചെല്ലരുത്
അറിവിൻപൊരുൾ തിരിക്കാൻ ജ്ഞാനിക്കു മാത്രം കഴിയും
അന്നം കിട്ടാതഴലുന്നവനെ അന്നത്തിന്റെ വിലയറിയൂ
അന്നമൊരു കളിപ്പാട്ടമല്ല
അന്നം കൊണ്ടമ്മാനമാടി കളിക്കരുത്
അന്നത്തെ ബഹുമാനിച്ചാൽ എന്നും കിട്ടുമന്നം
അനിയത്തിയെ കാണിച്ച് ചേട്ടത്തിയെ കെട്ടിക്കുക
അടുപ്പിന് കല്ല് മൂന്ന് അമ്മിക്ക് രണ്ട്
അടിമായായിട്ടൊരിക്കലും ഭാര്യയെ കാണരുത്
അപ്പന് മക്കൾ പലതാകാം; മക്കൾക്ക് അപ്പനൊന്നു മാത്രം
അക്ഷരങ്ങൾകൊണ്ടമ്മാനമാടുന്നവൻ അക്ഷരജ്ഞാനി
അവൾക്കെന്നേക്കാൾ എന്തിന്ത്ര കൂടുതൽ
അവളുടെ നോട്ടത്തിലലിഞ്ഞു പോകുന്നു.
അവളുടെ അന്തരംഗമറിയുന്നതെങ്ങിനെ
അവളുടെ ചന്തം കണ്ട് കൂടെ പുറപ്പെട്ടാൽ അന്നം കിട്ടാനെന്തു വഴി

അവളുടെ കൂടെ കിടക്കുമ്പോൾ എന്നെയെന്തിന്നോക്കുന്നു
അവളെ വശീകരിക്കാനെന്തു തന്ത്രം
അവളെ പിരിഞ്ഞുള്ള ജീവിതം ആലോചിക്കാൻ പറ്റാത്തത്
അവളുന്തിക്കു കൂടെയുണ്ടെങ്കിൽ അവനുടെ മനസ്സിനു സുഖമേകുമോ
അവളവന്റെ കൂടെയുണ്ടെങ്കിലവനു മനത്തിനിളക്കം വന്നുകൂടായ്കയില്ല
അത്തിപഴത്തോളം അഹങ്കാരമുണ്ടെങ്കിൽ അദിക്കിൽ ഗുണം പിടിക്കില്ല
അൻപോടെന്നോടിടപെടണമെങ്കിൽ ഇമ്പമായുള്ളതെന്തെങ്കിലും ചെയ്തീടേണം
അടിയും കൊണ്ട് പുളിയും കുടിച്ച് പലിശേം കൊടുത്തിട്ട് പണോം കെട്ടി വെക്കണം
അവിടുത്തെപ്പോലിവിടെയും
അരങ്ങത്ത് ആടീം പാടീ കലശംകൊട്ടുന്നവനന്ന് ആശ തീർക്കാൻ പറ്റ്വോ
അവളുടെയുള്ളിൽ കേറാനെന്തു പ്രയാസം
അവളുടെ ഉള്ളറിയുന്നതെങ്ങിനെ
അവനവനുള്ളതു മാത്രം അവനവന്റേത്
അവനവനു വന്നത് അവനവൻ തന്നെ സഹിക്കുക
അവനോന്റെ നാക്ക് അവനോന്റെ വായി കിടക്കണം
അന്തിക്കള്ള് മോന്താൻ കിട്ടാത്ത അന്തോണി മോന്ത പോലെ
അവനവന്റെ വീട്ടിൽ നല്ല കഞ്ഞി കിട്ടിയാൽ അയലത്തെ പഴങ്കഞ്ഞി മോഹിക്കുമോ
അണ്ണനെ കാണുമ്പം അമ്മുവിന് നാണം വരും
അമ്മിഞ്ഞ പാലോളം വരുമോ അമൃതും
അമ്മിഞ്ഞ പാലിലും മായം ചേർക്കാൻ തുടങ്ങി
അമ്മേനെ നോക്കിയിരിക്കുന്നോന് മോളേ കിട്ട്വോ
അമ്മേം പെങ്ങളേം തിരിച്ചറിയാൻ വയ്യാത്തോൻ
അമേരിക്ക സ്വർഗ്ഗമെന്നു തോന്നുന്നവർ അവിടെ ചെന്നറിയണം
അച്ചിക്കു പറ്റിയ നായർ
അവളുടെ വേദനയ്ക്കസ്തമനമില്ലേ
അവളുടെ നഗ്നത വരച്ചു ഞാൻ നാലു കാശുണ്ടാക്കും
അന്ധനെ വെളിച്ചം കാണിക്കണോ
അജഗജാന്തരം
അന്തിയുറങ്ങാൻ നേരം അച്ചിയെ അന്വേഷിച്ചാൽ പോരാ
അന്തരംഗത്തിലെ അഗ്നികൊണ്ടടപ്പു കത്തുമോ
അന്തപുരത്തിൽ ചെന്നാലും അച്ചീടെ നഗ്നത കാണാൻ പറ്റീല്ലന്നിരിക്കും

അടിതെറ്റിയാൽ ആനയും മലക്കും
അമ്പു വീണിടത്തു വില്ലു കാണത്തില്ല
അമ്പിനും വില്ലിനും അടുക്കാത്തവൻ
അവളെകണ്ടെന്റെ കൊതി തീർന്നിട്ടില്ല
അവളുടെ നാണം മാറ്റാൻ അരച്ചാൺ മതിയാകുമോ
അവളുടെ വായിൽ നിന്നും അശുഭമല്ലാതൊന്നും വീണിട്ടില്ല
അവസാന കർമ്മങ്ങൾ ചെയ്യാൻ ആൺതരി ഒന്നു വേണമല്ലോ
അന്തികർമ്മത്തിനാൺതരിയൊന്നു വേണമല്ലോ
അംഗുലമായാലും അരയംഗുലമായലും അവൾക്ക് കണക്കാ
അവളും അവലും തമ്മിലജഗജാന്തരം
അവൾ കേമിയാണേൽ, അവളുടെ അവൻ അതിലും കേമനായിരിക്കും
അവൾക്കുണ്ടോ ആയിരംമോഹങ്ങൾ അവനുണ്ടോസാധിക്കാൻ പോകുന്നു
അന്നേരമന്നേരം കിട്ടുന്നത് അന്നേരമന്നേരം അച്ചടിക്കുന്നോർ പത്രക്കാർ
അവനവന്റെ വീട്ടിൽ താമസിക്കുന്നോൻ കണ്ടും കൊണ്ടും വേണ്ടതെല്ലാം അറിഞ്ഞു ചെയ്യേണ്ടതാണ്
അരങ്ങത്ത് ആടിതിമിർക്കുന്നവന്റെ അന്തരംഗത്തിലഗ്നിയാണോ
അവൾക്കോ നാണമില്ല; അവനതിനപ്പുറം
അല്പസംസാരവും അധികം പ്രവർത്തിയും ഏറെ നന്ന്
അലസൻ ആയസ്സു മുഴുവൻ ഉറങ്ങിക്കിടക്കും
അക്കരയിക്കര നിന്നാലെങ്ങിനെ ആശ തീരും
അന്ധകാരത്തിനെന്തലങ്കാരം
അരിശപ്പെട്ടിട്ടെന്തു കാര്യം ദുരിശം വന്നാലതു സഹിക്കേണം
അഹങ്കാരമുള്ളവൻ ആനയുടെ അടുത്തു നിൽക്കരുത്
അറിവില്ലാത്തോരുടെ മുമ്പി ജ്ഞാനി പറയുന്നതെന്തും സൂക്ഷിച്ച്
ആർക്കുമൊരിക്കലൊരബദ്ധം പറ്റാം
ആർക്കാണ്ടുക്കും വേണ്ടി ഓക്കാനിക്കും
ആരംഭശൂരത്വം
ആനേ വാങ്ങാമെങ്കിൽ തോട്ടി വാങ്ങരുതോ
ആനേ കൊടുത്താലും ആശ കൊടുക്കരുത്
ആറിയ കഞ്ഞി പഴങ്കഞ്ഞി
ആറേ പോകുന്നവർ നൂറു പറഞ്ഞാൽ ആറു പറ്റും
ആലും കാ പഴുക്കുമ്പോൾ കാക്കയ്ക്കു വായിൽ പുണ്ണ്
ആശാൻ പിഴച്ചാൽ ഏത്തമില്ല

ആശാൻെറ പതിരു കൊടുത്തപോലെ
ആവശ്യക്കാരന്റെ ഔചിത്യമില്ല
ആടു കിടന്നിടത്തു പൂട കാണും
ആനവായിലമ്പഴങ്ങാ
ആനക്കാരന്റെ കൂടെയുള്ളത് ആനയോ, ആടോ അല്ല കാളയോ
ആനേം മെരുക്കാം അമ്പാരിയേം മെരുക്കാം അന്തേവാസിനയെ
യൊതുക്കാനാ പാട്
ആണും പെണ്ണും കെട്ടോന്റടുത്തൂടെ നടക്കുന്നത് സൂക്ഷിച്ച്
ആണുങ്ങളെ ആണുങ്ങൾക്കും ചില പെണ്ണുങ്ങൾക്കുമറിയാം
ആനപ്പുറത്തിരുന്നാൽ പട്ടി കടിക്കൂലെന്നു കരുതും
ആനയെകാണുമ്പോൾ പട്ടികൾ കുരയ്ക്കും
ആനയ്ക്കു പറ്റിയ അമ്പാരി
ആനവായിലമ്പഴങ്ങാ
ആന വാ പൊളിക്കുന്നപോലെ അണ്ണാന്റെ പറ്റോ
ആയിരം നാക്കുണ്ട് അമ്മയെപ്പറ്റി പറയുമ്പോൾ
ആന മെലിഞ്ഞാൽ എരുത്തി കെട്ട്വോ
ആനചന്തം
ആനയ്ക്കാരെങ്കിലും പൊട്ടു തൊടുമോ
ആനക്കാരന്റെ ചോറ് കൊലച്ചോറ്
ആശ്ചര്യങ്ങൾ ഒന്നും ഒളിപ്പിച്ചു വെക്കരുത്
ആശാരിച്ചിയുടെ കൂടെ കിടന്നാൽ ആശാരിയാകത്തില്ല
ആശാരിയുടെ വീട്ടിലെ പട്ടിയും ആശാരിയാകുമോ
ആശാരീ മൂശാരി കൊല്ലന്റാലേ ചെന്നു മുട്ടും
ആമ്പിള്ളേരാണങ്കി ചുണയുള്ളവരായിരിക്കണം
ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ
ആനയും അമ്പാരിയുമില്ലാത്ത ആറാട്ട്
ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ
ആനകാര്യത്തിനിടയ്ക്കാ ചേനകാര്യം
ആയമ്മേടെ കണ്ട് ആടാതെന്റെ മോനേ
ആയമ്മേടെ മുമ്പിച്ചെന്നാട്ടു കിട്ടാതെ മാറിക്കോണം
ആയില്ല്യം നക്ഷത്രത്തിൽ ജനിച്ചവൻ അയൽദോഷി
ആയിരംകണ്ടി കൊപ്രയുണ്ട്; അന്തിക്കരയ്ക്കാൻ തേങ്ങാ പിണ്ണാക്ക്
ആവോലിത്തല അളിയനും കൊടുക്കില്ല
ആടുണ്ടോ അങ്ങാടിയറിഞ്ഞു

ആനേ പേടിച്ചാലും ആന പിണ്ഡത്തിനെ പേടിക്കണോ
ആരും പഠിപ്പിക്കാതെ പഠിക്കുന്ന വിദ്യ രതി
ആണും പെണ്ണുമായി സൃഷ്ടിച്ചത് ലോക നിലനിൽപ്പിനാണ്
ആണുങ്ങളായാൽ പറഞ്ഞാ പറഞ്ഞ പോലെ
ആണുങ്ങളുടെ കൂടെ കിടന്നാൽ അതും ഒരന്തസ്
ആജ്ഞാപിക്കാനെന്തെളുപ്പം അനുസ്സരിക്കാൻ അതിലും പ്രയാസം
ആശിച്ചപോലെ നടന്നില്ലങ്കി ആത്മഹത്യയാണോ ഉപാധി
ആഞ്ഞടിക്കും കാറ്റിൻഗതി ആരാലും മാറ്റാൻ പറ്റോ
ആയുസ്സിന് ദൈർഘ്യം ഭോഗത്തിലൂടെയും
ആദിത്യ ചന്ദ്ര താരഗണങ്ങളേ നിങ്ങളേക്കണ്ടസൂയപ്പെടുന്നതെന്തിന്
ആവിയിലുണ്ടാക്കുമപ്പമൊന്നും ആരോഗ്യത്തിനു ഹാനി
വരുത്തില്ലെന്നു പ്രമാണം
ആരിലും മെച്ചമായവനെ എനിക്കേകെണമെങ്കിൽ ഏവരിലും മെച്ചമായതെ
ന്തെങ്കിലും എനിക്കുണ്ടായിരിക്കേണം
ആരാണ്ടെല്ലാം ഏതാണ്ടെല്ലാം ചോദിച്ചൂന്നും പറഞ്ഞെന്നോടെന്ത്
ആഹാരത്തിനൊത്തദ്ധ്വാനവും വേണം
ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
ആറ്റുനോറ്റിരുന്നവൻ വന്നു
ആപ്യാനാന്ദാശ്രുക്കൾ
ഇക്കരെനിന്നാൽ അക്കരപച്ച
ഇരുമ്പു വിഴുങ്ങിയിട്ട് ചുക്കുവെള്ളം കുടിച്ചാൽ മതിയോ
ഇരിക്കും മുമ്പേ കാൽ നീട്ടരുത്
ഇരിക്കുന്നിടം കുഴിക്കല്ല്
ഇരിപ്പു മറന്ന് പ്രവർത്തിക്കരുത്
ഇരുന്നൊരുക്കുന്ന അമ്മായമ്മയ്ക്ക് കിടന്നൊരുക്കുന്ന മരുമകൾ
ഇലനക്കി നായുടെ ചിറി നക്കി നായ്
ഇരിക്കുന്നോൻ നന്നെങ്കിൽ ചൊരക്കുന്നോൻ നന്നാവും
ഇല്ലാത്തതിനെച്ചൊല്ലി വിലപിക്കാതെ ഉള്ളതിനെയോർത്താമോദിക്ക
ഇട്ടിയമ്മ ഏറി മറിഞ്ഞാൽ കെട്ടിയമ്പലത്തോളം
ഇഞ്ചിതിന്ന കുരങ്ങുപോലെ
ഇരുട്ടു കൊണ്ട് ഓട്ട അടക്കരുത്
ഇരുമ്പു പഴുക്കുമ്പോൾ കൊല്ലനും കൊല്ലത്തിയും
ഇണയില്ലാത്ത ജീവിതം തുണിയില്ലാത്ത ശരീരം പോലെ
ഇനം ഇനത്തോടു ചേരും
ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം

ഇഷ്ടപ്പെടുന്നതിനുമുമ്പന്വേഷിച്ചറിയണം
ഇളം നായ് കടി അറിഞ്ഞോ ഇളം പോത്ത് വെട്ടറിഞ്ഞോ
ഇവിടുന്നു നോക്കുമ്പം അയലത്തെ വീട്ടിലേതു സുന്ദരി
ഇടത്തും വലത്തും നോക്കാതെ നടക്കല്ലെ
ഇടങ്കേറില്ലാത്താനയുണ്ടോ, ഇടച്ച്ചയില്ലാത്ത പെണ്ണുണ്ടോ
ഇടിവെട്ടിയവനെ പാമ്പും കടിച്ചു
ഇടിവെട്ടിയവന്റെ തലേൽ തേങ്ങായും വീണു
ഇട്ടുന്ന കിടന്നാലുറക്കം വരണേ പട്ടിണികൂടാതിരിക്കേണം
ഇന്ദ്രനേം ചന്ദ്രനേം വകവെക്കാത്തവൻ
ഇവിടെയാണ് സ്വർഗ്ഗമെങ്കിൽ, സ്വർഗ്ഗത്തിനുവേണ്ടി ശവക്കുഴി വെരെ കാത്തിരിക്കുന്നതെന്തിന്
ഉന്നതന്മാർ ഭവ്യമായി പെരുമാറുന്നു
ഉരലിന്റെ സങ്കടം മദ്ദളത്തോടെ
ഉറിയിലിരിക്കുന്നത് എടുക്കേം വേണം കക്ഷത്തിലിരിക്കുന്നത് പോകയുമരുത്
ഉപ്പിനു കാരമില്ലായെങ്കിൽ എന്തിനു കൊള്ളാം
ഉപ്പു കൂട്ടാതെ ആഹാരം കഴിക്കാൻ പാടല്ലേ
ഉറുമ്പിൻകൂട്ടിൽ കയ്യിട്ട പോലെ
ഉറക്കം തൂങ്ങി നിന്നാൽ ഭോഗത്തിനവിധി നൽകും
ഉല്പത്തിയിലുമേറെ ഉണ്ടായ നാൾ മുതൽ
ഉണ്ടവന് പാ കിട്ടാഞ്ഞിട്ട്; ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട്
ഉർവ്വശീശാപം ഉപകാരം
ഉള്ള കഞ്ഞിയിൽ പാറ്റാ വീഴരുത്
ഉള്ളു നന്നായാൽ മണ്ണും പൊന്നാകും
ഉള്ളതുകൊണ്ട് ഓണം പോലെ
ഉഷ്ണം ഉഷ്ണന ശാന്തം
ഉഴുന്ന കാള വിതയ്ക്കുന്ന വിത്തറിയണ്ടാ
ഉരുളുന്ന കല്ലേൽ പിരളുമോ പായൽ
ഉണ്ണുന്ന നായരറിഞ്ഞില്ലങ്കിൽ വിളമ്പുന്ന അച്ചി അറിയണം
ഉണ്ണിയെകണ്ടാലറിയാം ഊരിലെ പഞ്ഞം
ഉപായം കൊണ്ടു കഷായം വെയ്ക്കാൻ പറ്റുമോ
ഉപ്പോളമാകുമോ ഉപ്പിലിട്ടത്
ഉണ്ടചോറിന്റെ നന്ദി വേണം
ഉണ്ടുമടുത്തവനോടെ ഉരുള ചോദിക്കാവൂ; കണ്ടു മടുത്തവനോടേ കടം ചോദിക്കാവൂ

ഉണ്ടെനിക്കാശയവന്റെ കൂടെ കഴിയാൻ; പണ്ടമില്ലാതവനെന്നെ സ്വീകരിക്കുമോ
ഉണ്ടിരുന്ന നായക്ക് വിളി തോന്നി
ഉടുതുണിക്കു മറു തുണുയില്ലാത്തോൻ
ഉച്ചയ്ക്കുമ്മറത്തിരുന്നുണ്ണാൻ യോഗം വേണം
ഊട്ടുക്കുമുമ്പേം ചൂട്ടുക്കു പിമ്പേം
ഉത്രാടത്തിൻ നാൾ ഉച്ച തിരിയുമ്പം അച്ചിമാക്കെല്ലാം വെപ്രാളം
ഉള്ളതെല്ലാം പറയുന്നവളുടെ കൂടെ കഴിയാനാക്ക് കമ്പം
ഉറങ്ങികിടക്കുന്നവനെ ഉണർത്താൻ പ്രയാസമില്ല; ഉറക്കം നടിച്ചു കിടക്കുന്നവനെ ഉണർത്താൻ പാടാ
ഉറിയും ഊഞ്ഞാലും തമ്മിലെന്തന്തരം
ഉറമിയൂരിയാൽ വാൾ തിളങ്ങും
ഉറുമിയില്ലാത്ത വാൾ കുരങ്ങിന്റെ കയ്യിൽ കൊടുക്കരുത്
ഉഴുന്നില്ലാതെ ദോശയുണ്ടാക്കാൻ പറ്റോ
ഉള്ളിലിരിപ്പറിഞ്ഞു വേണം കൂട്ടുകൂടേണ്ടത്
ഉരുളയ്ക്കുപ്പേരി പോലെ
ഉച്ചയ്ക്കു കഞ്ഞി തന്നെ സൗഖ്യം
ഉച്ചിയിലേ ഉദയക്രിയ
ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും
ഉണ്മയായിട്ടുള്ളതിനെ ആരും സ്വാഗതമോതുന്നില്ല
ഉദയാസ്തമനമല്ലേ ജീവിതം
ഉപായമെല്ലാം അപായം കൂടാതെ
ഉറിയേലിരിക്കുന്ന കറിക്ക് സ്വാദേറ്
ഉണങ്ങാത്ത മുറിവുകൾ
ഉച്ചിഷ്ടം സ്വാദായിട്ടുള്ളത് നായിക്ക്
ഉപ്പാപ്പന്റെ അമ്മ വല്യമ്മ
ഉന്മാദിനിയുടെ കൂടെ കിടക്കരുത്
ഉത്തംഗത്തിലിരിക്കുന്നവനെ വന്ദിക്കുക
ഉറങ്ങികിടക്കുമ്പോൾ എല്ലാവരും ഏറ്റവും നല്ലവർ
ഉള്ളതു പറഞ്ഞാൽ അപ്പൻ അമ്മയെ തല്ലും; നുണ പറഞ്ഞാൽ അപ്പൻ പട്ടിയിറച്ചി തിന്നും.
ഉള്ളതു പറയുന്നവന്റെ ആയുസല്പം
ഉള്ളതുകൊണ്ട് ഓണം പോലെ കഴിയണം

ഉപ്പു തൊട്ടു കപ്പൂരം വെരെ
ഉണ്ടമാറ്റി കളിക്കുന്നവനെ കണ്ടാൽ ഒളിക്കണം
ഉയന്ന് ജോലി വേണമെങ്കിൽ ചെത്താൻ പോകണം
ഉള്ളിയുടെ കാമ്പ് കണ്ടും കൊണ്ടും രസിക്കണം
ഉള്ളിനീര് കണ്ണിൽ വീണാൽ കണ്ണുനീരുകൊണ്ടാറാട്ട്
ഊന്നു വടിയാണേൽ ബലമുള്ളതാവണം
ഊറിചിരിക്കുന്നവന്റെ മുൻപിൽ പെടാതിരിക്കൂ
ഊമയാണേലും വകതിരിവുള്ളനായിരിക്കണം
എങ്ങിനെയെങ്കിലും ജീവിച്ചീടണമെന്നാശിച്ചീടരുതൊരിക്കലും
എളിയോനു ഏകാദശിയും മേലാ
എട്ടും പൊട്ടും തിരിയാത്തോൻ
എലിയെ തോല്പിച്ച് ഇല്ലം ചുടരുത്
എലിയെ തോല്പിച്ച് ഇല്ലം ചുട്ടാൽ എലിക്കു പോയോ
എലിക്കു പ്രാണവേദന പൂച്ചക്കു തമാശ
എല്ലാം തികഞ്ഞൊരു വസ്തു പോലും തണ്ടാർമഹൻ ചമച്ചിട്ടില്ല.
എല്ലില്ലാത്ത നാക്ക് പല്ലിനിടയിൽ വെക്കരുത്
എല്ലില്ലാത്ത നാക്കും കൊണ്ട് എന്തും പറയരുത്
എല്ലില്ലാത്ത നാക്ക് എളിമയോട് ഉപയോഗിക്കാനാണ്
എങ്ങും തൊടാതെ പറയരുത്
എളിമയിൽ പിറക്കുന്നവനെല്ലാം അത്യുന്നതങ്ങളിൽ പറന്നുയരും
എല്ലാം നന്മയ്ക്ക്
എല്ലും കല്ലും പല്ലിനു ഹാനികരം
എല്ലാമറിയുന്നോൻ ഒരുവൻ മാത്രം
എന്തുകൊണ്ട് എന്നേക്കാളിഷ്ടം അവളോട്
എന്തു പറഞ്ഞാലും ക്ഷോഭിക്കുന്നോന്റെ മുമ്പീന്ന് മാറി നിൽ
എത്ര പ്രിയപ്പെട്ടവരുടെയാകിലും മൃതദേഹത്തിനരികെ എത്ര നേരം ഇരിക്കും
എന്തു ഭാരമേറിയതും ഏറെ തമാശയായ് ചെയ്തുതീക്കാൻ പരിചയിക്കേണ്ടതാണ്
എല്ലാം പരിചയിക്കുന്നതുപോലിരിക്കും
ഏട്ടിലെ പശു പുല്ലു തിന്നില്ല
ഏറെ ലാഭം പെരും ചേതം
ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും
ഏതായാലും അമ്മയറിഞ്ഞു; എന്നാ നേരം വെളുക്കുവോളം

ഏതായാലും മോഷ്ടാവെന്ന പേരു കിട്ടി; എന്നാ കട്ടിട്ടു തന്നെ
ഏതു നായിക്കും ഒരു ദിവസം വരും
ഏതു പട്ടിക്കും ഒരു ദിനമുണ്ടാകും
ഏതു നാണംകുണുങ്ങിയും വൈദ്യന്റെ മുമ്പിൽ നഗ്നതപ്പെടാതിരിക്കാൻ പറ്റോ
ഏണാകോണാന്ന നടക്കാതെ വല്ല കാര്യവും ചെയ്യ്
ഏട്ടാന്ന വിളിച്ചവനെന്നെ ഒരുദിനം കൊലപ്പെടുത്തി
ഒരുവൻ മാത്രം പറഞ്ഞപോൽ പ്രവർത്തിച്ചു
ഒരു നാഴിക മാത്രം ബാക്കി നിൽക്കേആർത്തിപൂണ്ട്ആക്രാന്തം കാണിക്കല്ല്
ഒരു വാക്യത്തിൽ പല അർത്ഥം ഗ്രഹിച്ചാൽ നാനാർത്ഥത്തിൽ ചിന്തിച്ച് ചിരിച്ചാസ്വദിക്കാം
ഒരുവനെ നിനച്ചിരുന്നാൽ വരുന്നവരെല്ലാം അവനെന്ന തോന്നും
ഒരു കമ്പേ പിടിച്ചാലും പുളിങ്കമ്പേ പിടിക്കണം
ഒരു നന്മ ചെയ്തവനെ ഉള്ളത്തിൽ ഓർക്കണം; പല നന്മ ചെയ്തവന്റെ പാദം ചുമക്കണം
ഒരുമയുണ്ടേൽ ഉലക്കമേലും കിടക്കാം
ഒരു കള്ളം പറഞ്ഞുഫലിപ്പിക്കാൻ ഏറെ കള്ളം പറയണം
ഒരുത്തൻ കയ്യിലരിപ്പുവശം കൊണ്ടനുഭവിക്കേണ്ടവർ ഏറെ
ഒരു കുടം പാലിൽ ഒരു നുള്ള് ഉപ്പു വീണാൽ
ഒരു തെണ്ടിക്കു വേറൊരു തെണ്ടിയെ കണ്ടാലറിയാം
ഒരു പൂവനെത്ര പിടക്കോഴി
ഒരു നാഴി മറ്റൊരു നാഴിയിലൊതുങ്ങുമോ
ഒന്നിലധികം വടികളെ ഒന്നിച്ചൊടിക്കാൻ പ്രയാസം
ഒന്നിച്ചു ജനിച്ചവർ ഒന്നിച്ചു മരിക്കണമെന്നില്ലല്ലോ
ഒന്നിച്ചിരിക്കാൻ പറ്റിയില്ലങ്കിലും ഒടുക്കം നിശ്ചയിക്കരുത്
ഒന്നിക്കാൻ ഒരുവിധത്തിലും പറ്റിയില്ലങ്കിൽ അടിച്ചു പിടിച്ചു കഴിയരുത്
ഒക്കത്തിരുന്നുകൊണ്ട് ചെവി കടിച്ചു പറിക്കരുത്
ഒത്തിരികാര്യം പറയാനുണ്ടെനിക്ക്, കേൾക്കാൻ വരുമോ നീ
ഒത്തിരികാര്യങ്ങൾ പറയാനെത്തിയവർ ഒന്നും പറയാതിരുന്നാൽ അത് പ്രേമത്തിൻ തുടക്കം
ഒപ്പിച്ചൊപ്പിച്ച് ഏടാകൂടം എല്ലാം ഒപ്പിച്ചു
ഒച്ചിഴയുന്നപോലെ നടക്കാതെ
ഒറ്റയ്ക്കു താമസിക്കുന്നവനൊത്തതുപോലെന്തും ചെയ്യാം
ഒടുക്കം കുറിക്കാനെനിക്കെന്തധികാരം

ഒടുവിൽ നീയെന്റെ കൂടെതന്നെ
ഒന്നേയുള്ളെങ്കിലും ഉലക്കകൊണ്ടടിച്ചു വളർത്തണം
ഒടികാലന്റെ വരവു കണ്ടു തരക്കാരെല്ലാം ചിരിക്കുന്നു; ചിരിക്കട്ടെ കരയട്ടെ, ഒടികാലൻ നല്ല പണക്കാരൻ; പണക്കാരെല്ലാം ഒടികാലർ
ഒടുകുഴിക്കു സാക്ഷി കുറുക്കൻ
ഒത്തിരിക്കാര്യങ്ങൾക്കിത്തിരി സാവകാശം
ഒന്നു ചീഞ്ഞ് മറ്റൊന്നിന് വളമായ് തീരുന്നു
ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കപ്പുറത്ത്
ഒന്നുമറിയാൻ വയ്യാത്തവനെ പഠിപ്പിച്ചാലെല്ലാറ്റിലും വിരുതനായിടും.
ഒന്നുമറിയാൻ വയ്യാത്ത പെണ്ണ് പെറ്റു കിടക്കുന്നു
ഒപ്പീസു ചൊല്ലാതിരുന്നിട്ടാത്മാവിന് മോക്ഷം ഉണ്ടാകാതിരിക്കരുത്
ഒതുക്കമുള്ള ഉടൽ സ്ത്രീക്കു സൗന്ദര്യം വർദ്ധിപ്പിക്കുന്നു
ഒഴിഞ്ഞ മനസ്സ് പിശാചിന്റെ കൊട്ടാരം
ഒരുവനെ കണ്ണുനീരു കുടിപ്പിച്ചാൽ അവന്റെ നീർതുള്ളികൾ നമ്മളിൽ പതിയും
ഒരു ഗതിയും പരഗതിയുമില്ലാത്തവൻ
ഒരുക്കമില്ലാതെ ഒന്നിനും തുനിയരുത്
ഒരു രാത്രികൊണ്ടു നേരം വെളുത്തു തീരത്തില്ല
ഒരുമയുണ്ടെങ്കിൽ ഒരുഗ്ലാസിലും മോന്താം
ഒരു വെടിയ്ക്കു രണ്ടു പക്ഷി
ഒരു മനുഷ്യനും അവരുടെ മുഖവും; ഒരു സ്ത്രീക്കും അവളുടെ നഗ്നതയും സ്വയം കാണാൻ പറ്റത്തില്ല
ഒറ്റാലിൽ കിടന്നതുമില്ല, കിഴക്കു നിന്നു വന്നതുമില്ല
ഓർമ്മകൾ മങ്ങി വിഭ്രാന്തിയിലിരിക്കുമ്പോൾ തന്മാത്ര
ഓണം വരാൻ ഒരു മൂലം വേണം
ഓർക്കുമ്പോൾ മധുരിക്കുന്നതു മാത്രം ഓർക്കുക
ഓർമ്മവെച്ച നാൾ മുതൽ
ഓമത്തണ്ടു കണ്ടു കേറിയാൽ വിവരമറിയും
ഓമനപുത്രന്റെ മൂത്രം പൊന്നു മൂത്രം
ഓണത്തിനിടയിലെ പൂട്ടു കച്ചവടം
ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി
ഓണം കേറാ മൂല
ഓന്തിനെക്കൊല്ലാൻ ഒരുമ്പെട്ടോൻ

ഓർക്കാനെന്തിരിക്കുന്നു; ഓർമ്മിക്കാൻ പലതുമുണ്ടല്ലോ
ഓർമ്മകളെന്നും ഓർമ്മകൾ മാത്രം
ഓടുന്ന നായ്ക്ക് ഒരു മുഴം മുമ്പേ
ഓന്തു മൂത്താൽ ഉടുമ്പാകുമോ
ഓന്തിന്റെ നിറം മാറുന്നപോലെ
ഓച്ഛാനിച്ചു നിൽക്കേണ്ടത് അർഹതയുള്ളവന്റെ മുമ്പിൽ
ഐശര്യമുള്ളവൾ കയറിച്ചെല്ലുന്നിടത്തെല്ലാം മഹാശൈര്യം
കയ്യിൽ നിന്നു പോകുന്ന കല്ലും വായിൽ നിന്നു പോകുന്ന വാക്കും
തിരിച്ചെടുക്കാനൊക്കത്തില്ലല്ലോ
കയ്യിൽ കിട്ടുന്നതെല്ലാം കവണയ്ക്കു പറ്റില്ലല്ലോ
കട്ടവനെ കണ്ടില്ലങ്കിൽ കണ്ടവനെ പിടിക്കും
കണ്ടാലറിയാത്തവൻ കൊണ്ടാലറിയും
കയ്യും കാലും കാണിച്ചവൾ ഹൃദയത്തിലിടംതേടി
കണ്ടിട്ടു കാണാതെയും, കേട്ടിട്ടും കേൾക്കാതെയും നടക്കുന്ന
വർ സമാധാനപ്രിയർ
കയ്യൂക്കുള്ളവൻ കാര്യക്കാരൻ
കണ്ണിൽ കരടു പോയാലെന്തു ചെയ്യും
കണ്ണിലെണ്ണയൊഴിച്ചു കാത്തിരുന്നു
കണ്ണാടിയിൽ നോക്കുന്ന പോലെ പ്രതിഫലിച്ചു കാണും
കണ്ണുപൊട്ടനെന്തിനു കണ്ണാടി
കണ്ണുള്ളപ്പോൾ കണ്ണിന്റെ ഗുണം അറിയില്ല
കടുവായെ പിടിക്കുന്ന കിടുവ
കടപ്പുറത്ത് മീനേ കാഴ്ച വെക്കുമോ
കടലിൽ കിടക്കും മത്സ്യത്തിനെന്തു വില; കരയിൽ വന്നാലോ
കറിവെച്ചു കഴിയുമ്പോ കറിവേപ്പില പുറത്ത്
കയ്യിലിരിക്കുന്ന കാശു കൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങുമോ
കലക്കവെള്ളത്തിൽ മീൻ പിടിക്കുക
കസേരപ്പുറത്തിരുന്ന് കാലാട്ടരുത്
കണ്ണുനീർ തുള്ളിയെ സ്ത്രീയോടുപമിച്ചവൻ കവി
കയ്യൂക്കുള്ളവൻ കാര്യക്കാരൻ
കയർ എത്താതുകൊണ്ട് കിണർ നികത്താറുണ്ടോ
കപടനാടകം കളിക്കും കപടസന്ന്യാസികളാ നമുക്കു ചുറ്റും
കള്ളനു കഞ്ഞി വെച്ചവൻ

കണ്ടാൽ കൊതിക്കുന്നതൊന്നും തിന്നാൻ കൊള്ളുകില്ല
കണ്ട നീയങ്ങ് നില്ല് കേട്ട ഞാൻ പറയട്ടെ
കടിലിൽ കായം കലക്കിയപോലെ
കക്ഷത്തിലിരിക്കുന്നതു പോകയുമരുത് ഉത്തരത്തിലിരിക്കുന്നത് എടുക്കയും വേണം
കറിക്കരിയും കത്തി കറിക്കത്തി
കയ്യിന്റെ വെള്ളേൽ വെച്ച് പടക്കം പൊട്ടിക്കുമോ
കത്താതേം പൊട്ടാതേം വെടിക്കെട്ടു കാണുന്നതെങ്ങിനെ
കണ്ടറിഞ്ഞവന് കൊണ്ടറിയാൻ ഇട വരില്ല
കണ്ടും കൊണ്ടുമറിഞ്ഞവർ പലർ
കണ്ടും കൊണ്ടും പഠിക്കുന്നതിൽപ്പരം പഠിച്ചു പഠിയ്ക്കാനേതുമില്ല
കണ്ടാൽ കൊതിക്കുന്നവളെ കൂടെ കൊണ്ടു നടക്കരുത്
കണ്ടിട്ടും കണ്ടില്ലന്നു നടിക്കുന്നത് കള്ളസ്വഭാവം
കളഭത്തിലെ ഭ മാറ്റിയാൽ പറിച്ചു കളയാതെന്തു ചെയ്യും
കളിതമാശ മാറും കാര്യത്തോടടുക്കുമ്പം
കള്ളമാണുള്ളിലെങ്കിലും കേൾക്കാനെന്തു സുഖം
കള്ളന്റെ നോട്ടത്തിലെന്താശങ്ക
കള്ളടിച്ചാ കുള്ളനെപ്പോലെ നടക്കാൻ പറ്റ്വോ
കഞ്ഞിവെക്കാനില്ലാത്തവൻ കപ്പ കട്ടു തിന്നുന്നു.
കഞ്ഞിയിൽ കല്ലു കടിക്കാതെ സൂക്ഷിക്കുക
കഞ്ഞീം പയറും ആരോഗ്യത്തിനു നല്ലതെങ്കിലും കല്യാണത്തിന് ആരെങ്കിലും വിളമ്പുമോ
കറമ്പിയാണേലും കുറുമ്പില്ലാതിരുന്നാൽ മതി
കണ്ണുനീരിൻ വില കല്പിക്കുന്നോനറിയുന്നുണ്ടോ
കസ്തൂരിക്കു സുഗന്ധം പോരെന്നുണ്ടോ
കസ്തൂരിയും കാഷ്ടമല്ലേ വെരുകിൻ
കയ്യാലപ്പുറത്തെ തേങ്ങാ
കയ്യിൽ പുണ്ണിനു കണ്ണാടി വേണ്ട
കയ്യിലെ കാശ് വായിലെ ദോശ
കയ്യും തലയും പുറത്തിടരുത്
കയ്യിലിരിപ്പു നന്നെങ്കി മെയ് നോവാതെ കഴിയാം
കയ്യിൽ കാശു കിട്ടുമ്പം കഴിഞ്ഞ ഭാരമെല്ലാം മറന്നീടും
കയ്യിൽ കാശു കിട്ടുമ്പം കഴിഞ്ഞതെല്ലാം മറക്കും
കയ്യിൽ കാശു കിട്ടുമ്പം ഭാവം മാറും

കയ്യിൽ കാശു കിട്ടുമ്പം കല്യാണിയെ വേണ്ടാതാകും
കടലിൽ ചെന്നാലും നായ് നക്കിയേ കുടിക്കൂ
കലിതുള്ളുന്ന പെണ്ണിന്റടുക്കെ കൗശലം കാണിക്കാൻ പറ്റോ
കലിതുള്ളുന്ന കാത്ത്യാനിക്കുണ്ടോ കൈലേസു കൊടുക്കുന്നത്
കരകവിഞ്ഞൊഴുകും നദിക്കരികെ വീടുവെക്കാൻ കൊള്ളില്ല
കരച്ചിലും കണ്ണീരും സ്ത്രീകൾക്ക് രക്ഷാകവചം
കഷ്ടമനുഭവിച്ചവൻ കുരിശും താങ്ങി കുരിശിലേറി കുഴിയിൽ പോയ ശേഷമല്ലോ രാജാധിരാജനായത്
കവിതയെഴുതുന്നത് കവികളെങ്കിൽ കപികളോ
കന്നു പോയാൽ കന്നും കൂട്ടത്തിൽ
കമഴ്ന്നു വീണാൽ കാപ്പണം
കരയുന്ന കുഞ്ഞിനേ പാലുള്ളു
കനകം മൂലം കാമിനി മൂലം കലഹം പലവിധമുലകിൽ സുലഭം
കന്നിമാസത്തിലെ പട്ടിയെപ്പോലെ
കരേം വേണം ചിറീം കേടാകരുത്
കയ്യ് നനയാതെ മീൻ പിടിയ്ക്കണം
കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കരുത്
കരയ്ക്കിരുന്ന് വള്ളം മുക്കരുത്
കടലിലെ ഓളം എണ്ണാൻ പറ്റോ
കഴുതേടെ പുറകെ നടക്കുന്നോൻ ചവിട്ടുകൊള്ളാതെ സൂക്ഷിക്കണം
കടൽക്കരയിലെ മണൽ പോലെ
കടലിലെ വെള്ളത്തിന് ഉപ്പു ചേർക്കണ്ട
കള്ളു വയറ്റിൽ ചെന്നാൽ ഉള്ളിലുള്ളതു വെളിയിൽ
കണ്ണീരൊപ്പാൻ വരുന്നവൻ കയ്യൂക്കുള്ളവനായിരിക്കണം
കഴുത കാമം കരഞ്ഞു തീർക്കും
കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ
കാമംപൂണ്ടു നടക്കുന്നോൾക്കെപ്പോഴും വിഭ്രാന്തി
കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി
കാര്യം കണ്ടേച്ചു പോകാതെ അവളുടെ നഗ്നത കാണാൻ മെനക്കെടരുത്
കാണാനൊന്നുമില്ലങ്കിലും നാരീ നഗ്നത കാണാൻ നരൻ മോഹിക്കാറുണ്ട്
കാണാതിരുന്ന് കാണുമ്പം ആക്രാന്തി കാണിക്കരുത്
കാര്യത്തോടടുക്കുമ്പോ കയ്യാങ്കളിയാകരുത്
കാന്താരിയെന്തിനധികം
കാൽക്കാശിന്റെ പൂച്ച മുക്കാൽ കാശിന്റെ പാൽ കുടിക്കും

കാള പെറ്റുന്ന് കേട്ട് കയറെടുക്കാമോ
കാട്ടുപോത്തിനും കടവായ്ക്കും മര്യാദയെന്തന്നറിയോ
കാക്ക കുളിച്ചാൽ കൊക്കാകുമോ
കാക്കതൊള്ളായിരം
കാശു വേണ്ടാത്ത തെണ്ടിമാരുണ്ടോ
കാക്കകാഷ്ടത്തിലൂടെ വരും കുരുക്കളിൽ നിന്നും പലവൃക്ഷങ്ങൾ
കാറ്റുള്ളപ്പോൾ തൂറ്റണം
കാട്ടിൽ പോകാഞ്ഞിട്ടാണോ, കടുവായില്ലാഞ്ഞിട്ടാണോ
കാകനിരിക്കാൻ കമ്പു കൊടുത്താൽ മേലിൽ നമുക്കൊരു ഭൂഷണമുണ്ടാകും
കാര്യം കാണാൻ കഴുതക്കാലും പിടിക്കണം
കാര്യം കഴിഞ്ഞപ്പോൾ കമ്മാളൻ പുറത്ത്
കാമവേട്ടയ്ക്കൊരുമ്പെടുന്നവൻ കാമശാസ്ത്രം പഠിച്ചിരിക്കണമെന്നില്ലല്ലൊ
കാറ്റടിക്കുന്നിടത്തെല്ലാം വേലി കെട്ടാൻ പറ്റോ
കാക്ക കുഞ്ഞിനും തൻ കുഞ്ഞ് പൊൻ കുഞ്ഞ്
കാമമുള്ളവൾക്കരിശം വരാതിരിക്കുമോ ലിംഗമുദ്ധരിക്കാതിരിക്കുന്നവനെ കാണുമ്പം
കാഴ്ചയിലതിസുന്ദരൻ കപടവേഷധാരിയാകരുത്
കാണാത്തതിനെ കണ്ടെന്നു പറഞ്ഞാൽ കണ്ടതിനെന്തു പറയും
കാണാത്തതിനെച്ചൊല്ലി കരഞ്ഞിട്ടെന്തു ഫലം
കാഞ്ഞിരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരത്തിൽ കയ്പു ശമിക്കുമോ
കാമസമ്പൂർണ്ണയാകാത്തവൾ ക്രൂരയാകുന്നതിലെന്തു തെറ്റ്
കാമശമനം വന്നില്ലങ്കി കോപശമനത്തിനു വഴിനോക്കണം
കാമം നന്ന്; ഏറെയായാൽ കൊള്ളിക്കഷണം
കാര്യം കണ്ടു കഴിയുമ്പം വിധം മാറും
കാമത്തിനു കണ്ണില്ല
കാമം മൂർഛിച്ചാൽ കൊലപാതകത്തിൽ
കാലന്റെ വരവറിയുന്നതെങ്ങിനെ
കാക്കയെ കാണാൻ കൊള്ളില്ലങ്കിലും വീടിനുപകാരിയാണ്
കാക്ക വിരുന്നു വിളിക്കുന്നു
കാര്യത്തോടടുക്കുമ്പോ കളിപ്പിക്കാൻ നോക്കരുത്
കാര്യത്തോടടുക്കുമ്പോ കുളിപ്പിച്ചു കിടത്തരുത്
കാര്യത്തോടടുക്കുമ്പോ കരഞ്ഞും കൊണ്ടോടരുത്
കാര്യത്തോടടുക്കുമ്പോ കയ്യിലിരിപ്പു കാണിക്കരുത്

കാര്യത്തോടടുക്കുമ്പോ കളിയാക്കരുത്
കാനനമഗ്നിക്കിരയായി മരമെല്ലാം ഭസ്മമായാലും അതിലൊരു ചന്ദനവൃക്ഷമുണ്ടങ്കിലതിൻ സൗരഭ്യം യുഗങ്ങളോളം
കിടന്നുറങ്ങരുത്
കിട്ടാനുള്ളതു കിട്ടികഴിയുമ്പം പഠിച്ചു കൊള്ളും
കിട്ടാത്തസൗഭാഗ്യത്തിനുത്തരവാദിയാര്
കിട്ടാനുള്ള സൗഭാഗ്യത്തിനുവേണ്ടി അശ്രാന്ത പരിശ്രമം പാടില്ലേ
കുണ്ടിയെത്ര കുളം കണ്ടു; കുളമെത്ര കുണ്ടി കണ്ടു
കുറുക്കന്റെ കണ്ണെപ്പോഴും കോഴികൂട്ടിൽ
കുരുടന് ചൂട്ടുകറ്റയെന്തിന്
കുളിച്ചില്ലേലും കോണോം പുരപ്പുറത്ത്
കുന്തം പോയാൽ കുടത്തിലും തപ്പണം
കുറുക്കന്റെ കല്യാണം
കുറുക്കൻ കൂവും നേരം
കുപ്പിയിലിറക്കാൻ വരുന്നവരുടെയുച്ചിക്കിട്ടു കൊടുത്തു വിടണം
കുരിശിൽ കിടന്നവൻ അഹങ്കരിച്ചില്ലല്ലോ കള്ളനെ പോലെ
കുന്തം പൊങ്ങാത്തതിന് പെണ്ണെന്തു പിഴച്ചു
കുഞ്ഞിനെ എടുത്താൽ പോരേ; അമ്മേനേ തോണ്ടണോ
കുരയ്ക്കുന്ന പട്ടി കടിക്കത്തില്ല
കുരയ്ക്കുന്ന പട്ടിക്കൊരെല്ലിൻ കഷണം
കുരങ്ങിന്റെ കയ്യിൽ പൂമാല കിട്ടിയപോലെ
കുരങ്ങിനെ നോക്കി ചിരിച്ചാൽ കൊഞ്ഞനംകുത്തി തിരിച്ചു കിട്ടും
കുത്തഴിഞ്ഞ പുസ്തകം പോലെ
കുത്തഴിഞ്ഞ സാരി
കുപ്പതൊട്ടീലുമുണ്ടാം മാണിക്യം
കുപ്പിയുടെ വണ്ണയ്ക്കു പിടിച്ച് തെന്നി പോകരുത്
കുളം തോപ്പിച്ച് കുണ്ടികഴുകാതിരുന്നാ കുളത്തിനു പോയോ കുണ്ടിക്കു പോയോ
കുതിരക്കു കൊമ്പു കൊടുക്കില്ല; കാളയ്ക്ക് അകിടു കൊടുക്കില്ല
കുറുപ്പിന്റുറപ്പാണ് ഉറപ്പ്
കുശവൻ കയ്യിൽ കളിമൺ പോലെ
കുന്തിരിക്കം പുകഞ്ഞാൽ സൗരഭ്യം
കുട്ടിച്ചോറാക്കി

കൂടെ കിടക്കുന്നവന്റെ രാപ്പനി അറിയാതിരിക്കുമോ
കൂടെ കിടക്കുന്നവൻ കൂറുമാറി പ്രവർത്തിക്കരുത്
കൂടെ കിടന്നവൻ മരിച്ചിട്ടും അറിഞ്ഞില്ലല്ലോ
കൂവി തെളിയുന്നു
കൂടെ നടക്കും കാലേ ചവിട്ടും
കൂലിയില്ലാ വേലയ്ക്കാരെങ്കിലും പോകുമോ
കെല്പില്ലാത്തോൻ അച്ചിയെ പോറ്റാൻ പോകരുത്
കെട്ടും മൂട്ടിലെ പട്ടിയല്ല ഭാര്യ
കേസില്ലാ കോർട്ടിലെ ഫീസില്ലാ വക്കീൽ
കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി
കൊല്ലകുടിയിൽ തൂശി വിൽക്കാനോ
കൊല്ലംകണ്ടവന് ഇല്ലം വേണ്ട; കൊച്ചികണ്ടവന് അച്ചി വേണ്ട
കൊട്ടാരമുണ്ടായിട്ടും സിംഹാസനമുണ്ടായിട്ടും തച്ചനായിട്ടെന്തി നവൻ പിറന്നു
കൊല്ലാനാണേലും വളർത്താനാണേലും കോഴിയെ പിടിക്കുമ്പം പിടക്കും
കൊടുത്താൽ കൊല്ലത്തും കിട്ടും
കൊടുക്കുന്നപോലെ തിരിച്ചു കിട്ടും
കൊടുത്താൽ കൊല്ലത്തും കിട്ടും
കൊല്ലകുടിയിലാണോ സൂചി വിൽക്കാൻ വരുന്നത്
കൊലപാതകം ദൈവീക നിന്ദ
കോപം ദഹനശക്തിയുള്ളതുവെരെയാകാം
കോപിപ്പിൻ എന്നാൽ പാപം ചെയ്യരുത്
കോപം ശമിപ്പാൻ വെള്ളത്താൽ സാധിക്കുമോ
കോഴിക്കേട്ടേക്കു പോകുന്നത് കാലും മൂടികെട്ടി വേണം
കോഴിക്കു മുല വന്നപോലെ
കൈനനയാതെ മീൻ പിടിക്കാൻ പറ്റോ
കൈയ്യും കെട്ടി നോക്കിയിരിക്കാൻ പറ്റോ
കൈകരുത്തറിഞ്ഞുവേണം കളത്തിലിറങ്ങാൻ
ക്യാൻസറു വന്നാൽ കാലതാമസം കൂടാതെ കടന്നു പോകും
ഗതികെട്ടാൽ പുലി പുല്ലും തിന്നും
ഗതിയില്ലാത്തോൻ അഗതി
ഗണിച്ചു പറയുന്നോൻ കണിയാൻ
ഗണിതത്തിൽ പട്ടരു മോശമല്ല
ഗോഹത്യക്കാരനു ബ്രമത്യക്കാരൻ സാക്ഷി

ഗ്രന്ഥം മൂന്നു പകുത്തീടിൽ മുഹൂർത്തം മൂത്രമായിടും
ചമ്മന്തിയുണ്ടോ അമ്മികല്ലിനോടു് നന്ദി പറയുന്നു
ചമ്മന്തിയില്ലാത്ത ദോശ പോലെ
ചമ്മന്തിപരുവം
ചക്കയാണോ ചൂന്നു നോക്കാൻ
ചക്കിക്കൊത്ത ചങ്കരൻ
ചക്കരവാക്കിൽ മയങ്ങരുത്
ചക്കിനു വെച്ചതു കൊക്കിനു കൊണ്ടു
ചമ്രം പടഞ്ഞിരിക്കുന്നവന്റെ ചന്തി നോവറിയുമോ
ചത്തു കിടന്നാലും ചമഞ്ഞു കിടക്കണം
ചത്തു കിടക്കുന്നവനെ പുകഴ്ത്തി പറഞ്ഞിട്ടെന്ത്
ചക്കരകുടത്തിൽ കയ്യിട്ടാൽ നക്കാതിരിക്കുമോ
ചന്തേ പോയില്ലങ്കിലും സാമാനങ്ങൾ വാങ്ങിയില്ലങ്കിലും സമാധാനമായ് കഴിഞ്ഞാ മതി
ചത്തതിനൊക്കുമോ ജീവിച്ചിരിക്കിലും
ചത്തകുഞ്ഞിന്റെ ജാതകം നോക്കണോ
ചട്ടീം കലോം കൂട്ടിമുട്ടിയെന്നിരിക്കും
ചഞ്ചലചിത്തരാകാതിരിക്കുക
ചവച്ചരച്ച് കഴിക്കണം
ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട
ചഞ്ചലപ്പെടരുത് ചാപിള്ളയാണെങ്കിലും
ചന്ദ്രൻ സൂര്യനാൽ ശോഭിക്കുന്ന പോലെ
ചാക്കയ്ക്ക് പുള്ളി വീണാൽ ചാക്കോയാകുമോ
ചാക്കോയുടെ വള്ളി പോയാൽ ചാക്കയാകുമോ
ചാക്കരി തിന്നാലും പച്ചരി തിന്നാലും തൂറ്റുന്നവനെന്തുഫലം
ചിരിയിൽ ചില്ലറ മറക്കരുത്
ചിരിക്കുമ്പോൾ കൂടെ ചിരിക്കയും കരയുമ്പോൾ കൂടെ കരയുകയും ചെയ്യുന്നവൻ ആത്മസുഹൃത്ത്
ചിന്തിച്ചു സന്തപ്തനാകാതെ; സന്തോഷത്തോടെ മുന്നോട്ടേറീടാം
ചിന്തയാം സാഗരത്തിലന്തമില്ലാതെ കേഴുന്നതെന്തിന്
ചിത്തഭ്രമം നേരിട്ടവന് എന്തും കാട്ടാമെന്ന് കരുതരുത്
ചിലന്തികെട്ടും വലയിൽ കുടുങ്ങാതിരിക്കുക
ചുക്കു ചേരാത്ത കഷായമില്ല
ചുണ്ടങ്ങാ കാൽ പണം ചുമട്ടുകൂലി മുക്കാൽ പണം

ചെത്തുകാരന്റെ മോക്ക് കെട്ടുപ്രായം തികഞ്ഞു
ചെറുപ്രായത്തിൽ തനിയെ നടക്കും; വൃദ്ധനായാൽ മറ്റുള്ളവർ കൊണ്ടു പോകുന്ന വഴി
ചെയ്യുന്നതെന്തും തെറ്റന്ന തോന്നി ചെയ്യുന്നതെല്ലാം തെറ്റ്
ചെകുത്താനും കടലിനുമിടയിൽ
ചെരിപ്പിട്ട കാലിനു കല്ലും കമലം
ചെത്തുന്നതു തെങ്ങാണെങ്കിലും കിട്ടുന്നത് കള്ളാണ്
ചൊട്ടയിലെ ശീലം ചുടല വരെ
ചേമ്പിലയിൽ വീണ വെള്ളം പോലെ
ചേരേണ്ടിടത്ത് ചേരും പടി ചേൻ്റ്
ചേര തിന്നും നാട്ടിൽ ചെന്നാൽ നടുതുണ്ടം തിന്നണം
ചേതമില്ലാത്ത ഉപകാരം ചെയ്യുന്നതിലെന്ത്
ചേറ്റിലല്ലേ ചെന്താമര വളരൂ
ചുളയുള്ള ചക്കയ്ക്കുഴകു പോരാ
ചുണ്ടയ്ക്കാ കൊടുത്തിട്ട് വഴുതനങ്ങാ വാങ്ങണോ
ചുമ്മാതെ കിടക്കുന്ന ചൂണ്ടയിൽ കൊത്തു കിട്ടത്തില്ലല്ലോ
ചൂണ്ടയിടുന്നതിന് ചിലവേറെ
ചൂണ്ടയിടണേ ഇരയും വേണമല്ലോ
ചോരനെ കാണുമ്പം ചേരനെപ്പോലിടപെടണം
ജന്മാന്തരങ്ങളിലൂടെ
ജന്മം നൽകിയവരോടു നന്ദിയുണ്ടായിരിക്കണം
ജന്മം നൽകിയവരെ ശപിക്കരുതൊരുനാളും
ജനിച്ചാലൊരിക്കൽ മരിക്കണം
ജനിക്കുന്നത് മരിക്കുന്നതിനു വേണ്ടി
ജനിക്കുമ്പോ കരയുകയും മരിക്കുമ്പോ ചിരിക്കയും വേണം
ജാള്യമാണ്ടിങ്ങനെ പോരുന്നോരെങ്ങുമേ മാന്യരായെന്നും വന്നുകൂടാ
ജാത്യാലുള്ളതു തൂത്താൽ പോകുമോ
ജാതകത്തിൽ പറേന്നത് ഫലിക്കാതിരിക്കുമോ
ജാതിയും മതവും ആരുണ്ടാക്കി
ജാതീം മതോ നോക്കാതെ വേളികഴിക്കുന്നവർ ഭാവിയിൽ ആകുലചിത്ത രാകാതിരിക്കാൻ പരിശ്രമിക്കണം
ജാതിക്കാ കൊണ്ട് പലഗുണം
ജാനുവിന്റെ സ്ഥനം അസ്ഥാനത്തല്ല

ജാനുവിന്റെ ജംബറിൽ നോക്കിയിരിക്കാതെടാ
ജീവിതവഞ്ചിയിൽ ഇടങ്കോലിടരുത്
ജീവൻ പണയം വെച്ചും കാര്യം കാണരുത്
ജ്ഞാനി ചിന്തിച്ചു പ്രവർത്തിക്കുന്നു
ജ്ഞാനത്തിൻ വാക്കുകൾ വിലമതിക്കാനാവാത്തത്
ഞാൻ പിടിച്ച മുയലിനു മൂന്നു കൊമ്പ്
ഞാനിപ്പോഴും ലോകമെന്ന സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥി
ഞാൻ ഞാനെന്ന വിചാരം അഹന്തയുടെ രീതി
ഞാനും നിങ്ങളെപ്പോലെയായാൽ; ഞാനും നിങ്ങളും തമ്മിലെന്തന്തരം
തമ്മിൽ ഭേദം തൊമ്മൻ
തൻബലം കണ്ടേ അമ്പലം കെട്ടാവൂ
തൻമരണം നേരത്തെയറിയുന്നവൻ ഭാഗ്യവാൻ
തലയിരക്കേ വാലാടരുത്
തലയ്ക്കു മീതേ വെള്ളം മറിഞ്ഞാൽ ചാൺ ആയാലെന്താ, മുഴമായാലെന്താ
തനിയ്ക്കു താനും പുരയ്ക്കു തൂണും
തല്ലുന്ന കയ്യേ തഴുകുകയുള്ളു
തന്തയും തള്ളയും കൂട്ടി വളർത്തണം
തല്ലു കൊള്ളാത്തവൻ തല്ലു കൊണ്ടു കഴിയുമ്പം അടങ്ങും
തലയും മുലയും വലുതായാൽ മാതാപിതാക്കൾക്കു വെപ്രാളം
തലയ്ക്കു ചേരുന്ന തൊപ്പി
തലയ്ക്കു മീതെ ശൂന്യാകാശം
തണ്ടും തടിയുമുണ്ടായാൽ പോരാ
തള്ള ചവിട്ടിയാൽ പിള്ളയ്ക്കു കേടില്ല
തള്ളേടെ മുമ്പി ഭള്ളു പറയാതിരിക്ക।
തമ്മിൽ തല്ലി തല തകർക്കണോ
തണ്ണിമത്തങ്ങായ്ക്കുള്ളിലേതു തിന്നാനെന്തു നല്ലത്
തള്ളയോടുള്ളരിശം പിള്ളയോടോ
തട്ടല്ലേ മുട്ടല്ലേ തകിടു കൊട്ടല്ലേ
തവിക്കു ചേരുന്ന കണ
താനും തന്നോളമായാൽ തന്നേപ്പോലെ കരുതണം
താനാരിക്കുന്നിടത്ത് താനിരുന്നില്ലങ്കിൽ പിന്നെ നായിരിക്കും
താൻ കുഴിക്കുന്ന കുഴിയിൽ താൻ തന്നെ വീഴും
താടി നീട്ടിയാൽ സന്ന്യാസിയാകുമോ
താണനിലത്തേ നീരോടൂ
താൻ പാതി ദൈവം പാതി

താളത്തിനൊത്തു തുള്ളുക
തിരു വായ്ക്കെതിർ വായില്ല
തിന്മയായിട്ടുള്ളതെല്ലാം നന്മയ്ക്കുവിപരീതം; അതു ദൈവകോപം
തീയിന്റെ മേലാണോ ഉറമ്പരിക്കുന്നത്
തീയിൽ കുരുത്തത് വെയിലിൽ വാടുമോ
തീ പിടിക്കുമ്പോൾ കുളം കുഴിച്ചാൽ പോരാ
തീക്കൊള്ളികൊണ്ടടികൊണ്ട പൂച്ച മിന്നാമിനുങ്ങിനെ
കണ്ടാലും പേടിക്കും
തീ തിന്നു മരിക്കാതെ മാറി നടക്കുക
തൂറിയവനെ പേറിയാൽ പേറിയവനും നാറും
തൂണും ചാരിയിരുന്നവൻ പെണ്ണിനെം കൊണ്ടു പോയി
തേടിയവള്ളി കാലേൽ ചുറ്റി
തെക്കോട്ടെടുക്കുക
തൊപ്പിയൂരിയിട്ടേക്കരുത്
തൊടുന്നതെല്ലാം പൊന്ന്
തുണയാകാൻ സാധിച്ചില്ലങ്കിൽ ഇണയെന്തിന്
തുമ്പിക്കൈ വണ്ണത്തിൽ മഴ
തുമ്പപ്പൂ ചോറ്
തൂറാത്തവൻ തൂറുമ്പം തീട്ടംകൊണ്ടാറാട്ട്
തൂറി തൂറി നാറ്റിക്കല്ലെ
തൃക്കാക്കരയപ്പനെ വന്ദിച്ച്
തെണ്ടിയാണേലും അന്തസ്സുള്ളവനായിരിക്കണം
തെണ്ടിയോട് തെണ്ടാൻ പോകരുത്
തെണ്ടിമാരുടന്തരംഗത്തിലെന്തു തെണ്ടിത്തരമാണ്
തെണ്ടിമാരിലും അന്തസ്സുള്ളവരുണ്ട്
തെണ്ടിക്കു ചേന്ന വേഷം വേണം കെട്ടേണ്ടത്
തെണ്ടീടണ്ടിക്കു പിടിക്കരുത്
തെണ്ടിയെ തീണ്ടാതിരിക്കണം
തെണ്ടിയുടെ കയ്യിൽ തൊണ്ടി സാധനം
തെണ്ടിമാക്കെവിടെയുമാകാം കിടപ്പ്
തെണ്ടിമാരെന്തിന് തെണ്ടുന്നു
തെണ്ടിപഠിച്ചോൻ തെണ്ടിയല്ലേ നടക്കൂ
തെണ്ടിയോടു മിണ്ടാണ്ടിതിരക്കണതുത്തമം
തെങ്ങിനും കവുങ്ങിനും ഒരേ തളാപ്പു കെട്ടുമോ

തെണ്ടിക്കുണ്ടോ മരണഭീതി
തെണ്ടിക്ക തെണ്ടാൻ പാഠപുസ്തകങ്ങൾ പഠിക്കണോ
തെണ്ടാനുള്ള വിധം പറഞ്ഞു പഠിപ്പിക്കണോ
തെറിപാടാതെ മാന്യനായിരിക്കേണം
തേന്മാവിൻ കൊമ്പത്തും കാക്കയിരുന്ന തൂറും
തേവടിശിയുടെ വായിൽ നിന്നും മധുരമൊഴികൾ
തേക്കുതടിക്കും തെമ്മാടിക്കും പെരുവഴീലും കിടക്കാം
തോട്ടിയുടെ കയ്യിലെ തോക്കുകൊണ്ടെന്തു ഫലം
തോട്ടീം തൊടലും ആനേടെ കൂടെ നടക്കുന്ന പാപ്പാന്റെ കയ്യിൽ വേണ്ടേ
തോക്കിൽ കേറി വെടിവെക്കരുത്
തോക്കെടുത്ത് തോളിലിട്ട് തോഴിടെകൂടെ കിടക്കാൻ പോണോ
ദാരിദ്രം ഉണ്ടെന്ന കരുതി അഭിമാനം വിറ്റു കളയാമോ
ദാനം കിട്ടിയ പശുവിന്റെ പല്ലു നോക്കാറുണ്ടോ
ദിവ്യനെന്നാകിലും ഭവ്യനെന്നാകിലും ദ്രവ്യമില്ലങ്കിൽ തരം കെടും നിശ്ചയം
ദുഃഖങ്ങളില്ലാത്തൊരു ലോകമീ ഭൂവിലുണ്ടോ
ദുരഭിമാനം കൊണ്ടു ജീവിക്കാൻ പറ്റോ
ദൂരെ വെട്ടം കിട്ടും ദീപസ്തംഭത്തിൻ കീഴിൽ വെളിച്ചമുണ്ടോ
ദൂരെ നിന്ന കാണും ചിത്രം അതിമനോഹരം
ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം
ദീഘ്നാസിക മുഖത്തിനൊരഴകാണ്
ദൃഷ്ടി തെറ്റായാൽ സൃഷ്ടിയെല്ലാം അബദ്ധത്തിൽ
ദേഹദണ്ഡക്കാരന്റെ വിയപ്പ്‌ിനും രുചിയേറെ
ദൈവം മനുഷ്യരെ സൃഷ്ടിച്ചു; മനുഷ്യർ ദൈവങ്ങളെ സൃഷ്ടിച്ചു
ദൈവീകവേല ഒരു വയറ്റിപിഴപ്പാണോ
ദൈവം സ്നേഹമാകുന്ന
ദൈവത്തിന ഭൂമിയിൽ പിറക്കാനിടമില്ലാതിരുന്നല്ലോ
ധനമധികമുള്ളവനെപ്പോഴും മരണഭീതി
ധനവാൻ സ്വ്ര്ഗ്ഗത്തിൽ കടക്കയില്ല
ധൈര്യമുള്ളോന്റെ മുന്നിൽ ഏവനും തല കുനിക്കും
ധൈര്യമുള്ളോന്റെ കൂടെ പൊറുക്കണം.
നക്ഷത്രങ്ങളൊന്നും ചന്ദ്രന്റെ മക്കളാകത്തില്ലല്ലോ
നന്നായ് വരാൻ ഒരു ചൊല്ല്; അല്ലാത്തവനൊരു തള്ള്
നരകത്തിലെ കട്ടുറുമ്പ്
നനഞ്ഞിടം കുഴിക്കാനെന്തെളുപ്പം

നശിപ്പിക്കാനെന്തെളുപ്പം, കെട്ടിപൊക്കാൻ അതിലും പ്രയാസം
നല്ല നായിന്റടുത്ത് നിന്നുകൊടുക്കരുത്
നല്ലമരത്തേൽ ഇത്തിൾ സുലഭം
നല്ല നായിക്ക് ചെലവേറെ
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
നമ്മളാരെന്നറിയാതെന്തിന്നഹങ്കരിക്കുന്നു
നമ്മളിരക്കുമ്പം കിട്ടണമെങ്കി നമ്മോടിരക്കുന്നോക്ക് കൊടുത്തീടേണം
നമ്മളോടിഷ്ടം കൂടാൻ വരുന്നവരെ നമ്മളെന്തിനകത്തി നിർത്തണം
നമ്മളിൽ നന്മയുണ്ടെങ്കിൽ മാത്രമേ നമ്മോടവർക്ക് അൻപുണ്ടാകയുള്ളു
നമ്മളൊന്നും നൽകാതെ കടന്നു പോയാൽ ഈ ലോകത്തിനെങ്ങനെ നന്മ കിട്ടും
നമ്മളെല്ലാം ഈ ലോകമെന്ന പെരുവഴിയിലെ വ്യത്യസ്ഥ വേഷക്കാരായ ഭിക്ഷക്കാരല്ലേ
നമ്മളറിയാതെ ചെയ്യുന്ന പാപങ്ങൾക്കും നമ്മൾ തന്നെ ഉത്തരവാദി
നമ്മടെ കടമ നിറവേറ്റാതെ കടന്നു പോയാൽ കാലമുള്ളിടത്തോളം അതിൽ കടം കിടക്കും
നല്ലവളുടെ നാവിൽ നിന്ന് നല്ലതേ വരത്തുള്ളു
നമ്മളേ നമ്മളു തന്നെ നിയന്ത്രിക്കേണ്ടതാണ്
നല്ല ചിത്രകാരൻ നാരീ നഗ്നത കാട്ടി ചിത്രം വരയ്ക്കുമല്ലോ
നഗ്നയാണേലും നാരിയെ കാണാനെന്തു ശേല്
നഗ്നനാരീ ചിത്രേം ഒരു കലോപഹാരം
നഗ്നസത്യത്തിനു മുമ്പിൽ രോഷിതനാകാത്തവരാണ്ട്
നഗ്നനേത്രത്തിനു മുമ്പിൽ കാണുന്നതെല്ലാം സത്യമല്ലേ
നല്ല കാള നടന്നു പെടുക്കുന്നു, പിന്നയാ മുടന്തൻ കാള
നരകം കലക്കിയാകാതിരിക്കുക
നന്മയെവിടുണ്ടോ അതിനരികെ തിന്മയുമുണ്ടാകും
നന്മതിന്മകളെക്കുറിച്ച് തിരിച്ചറിയാൻ പക്വത വേണം
നന്മയുള്ളവനിലെ തിന്മ പൊറുക്കപ്പെടണം
നന്മചെയ്യുന്നവനെ അളന്നു നോക്കരുത്
നന്മചെയ്യുന്നവന്റാസനത്തിൽ പാര വെക്കരുത്
നന്മയേറെ ചെയ്യാനിഷ്ടമുണ്ടെങ്കിലും തിന്മയെ ഭയന്ന് മാറി നിൽക്കും
നക്കാനച്ചാരം വാങ്ങീട്ട് നാറുമെന്ന് പറേരുത്
നമ്മളിലൊരുവൻ നമ്മളെപ്പോലെയായാൽ നമ്മളെല്ലാം എന്തു ചെയ്യും
നമ്മളൊന്നിക്കുമ്പോൾ നമ്മൾക്കു ശക്തി

നഷ്ടപ്പെടാനെന്തിരിക്കുന്നു; കിട്ടാനുള്ളതോ വലിയൊരു ഭാഗ്യം
നായുടെ വാല് പന്തീരാണ്ടു കൊഴലിലിട്ടാലും എടുക്കുമ്പോ വളഞ്ഞേ ഇരിക്കൂ
നാവു നന്നെങ്കിൽ നല്ലവനായേക്കും
നായ് ഛർദിച്ചത് വീണ്ടും തിന്നാൻ വരില്ല
നാലുഭ്രാന്തന്മാർ നടുവിലിരിക്കുന്നോൻ നാഴികയ്ക്കുള്ളിൽ മുഴു ഭ്രാന്തനായ് തീർന്നിടും
നായാണെങ്കിലും നന്ദിയുള്ളതാണ്
നാവു തന്നെ ഉറ്റ സുഹൃത്തും ബദ്ധ ശത്രുവും
നാവു വളച്ച് ശത്രുക്കളെ വിലയ്ക്കു വാങ്ങുന്നതെന്തിന്
നാവിനെ തൃപ്തയാക്കിയില്ലങ്കി വിവരമറിയും
നാവു നൽകിയത് നന്മകൾ പറയാൻ മാത്രമല്ലേ
നാറാതിരിക്കാൻ നീറുന്നിടത്തു നിന്നു മാറി നിക്ക
നാവുകൊണ്ട് ഉപജീവനം കഴിക്കുന്നവരിൽ ഒന്നല്ലേ അദ്ധ്യാപർ
നാവുകൊണ്ട് കുരള പറയാതിരിക്ക
നാണംകെട്ട പ്രവർത്തി ചെയ്താലും നാണ്യം കിട്ടിയാൽ മതിയായിരുന്നു
നായിന്റെ മുമ്പിൽ എല്ലിൻ കഷണമിട്ടുകൊടത്ത പോലെ
നായിക്ക് കന്നിമാസത്തിൽ പറ്റുന്ന കെണി
നായ് ആശാരിയുടെ ഗുരുവാണോ
നായെ കണ്ടല്ലേ ആശാരി ചിന്തേരിടാൻ പഠിച്ചത്
നായിനോടു പറഞ്ഞാൽ അതും അനുസ്സരിക്കും
നാട്യത്തിൽ നഗ്നത കാട്ടേണ്ടതുണ്ടോ
നായ് നക്കിയ ഇല പിന്നാരെങ്കിലും നക്കോ
നാരീ നഗ്നത കാട്ടി ചിത്രം വരയ്ക്കുന്നവൻ ചിത്ത ഭ്രമക്കാരനാവില്ലല്ലോ
നാരീ നഗ്ന ചിത്രം കണ്ടാസ്വാദിക്കാത്തവനാരുള്ളു
നായക്ക് നഗ്നത മാറ്റേണ്ടതുണ്ടോ
നായെ കെട്ടിയിട്ട് തല്ലരുത്
നായെ കെട്ടുംമൂട്ടിലിട്ട് തല്ലരുത്
നായക്ക് കൊഞ്ചുപക്ഷം അച്ചിക്ക് ഇഞ്ചി പക്ഷം
നായക്ക് പറ്റിയ പുലിവാല്
നായരുടെ നഗ്നത കണ്ടച്ചി ഓടിപ്പോകും; അച്ചിയുടെ നഗ്നതകണ്ട് നായരാനന്ദിക്കും
നാഴികയ്ക്കു നാല്പതു വട്ടം
നായർക്കു പറ്റിയ അച്ചി

നായക്ക് അദ്ധ്നഗനനായേ അമ്പലത്തിൽ കേറാൻ പറ്റൂ
നാണമില്ലാത്തോൻ്റാസനത്തിൽ ആലു കിളിച്ചാലും അതുമവന തണൽ
നായക്ക് വേണ്ടാത്ത കുന്തം അച്ചിക്ക വേണോ
നായക്കിരിക്കാൻ നേരമുണ്ടോ നാ നടന്നാ ഫലമുണ്ടോ
നായ് കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ
നാരങ്ങാവെള്ളത്തിൽ ഉപ്പും ചേർത്തു കുടിക്കാം
നാഥനില്ലാ കളരിപോലെ
നായിക്ക പൊതിയാ തേങ്ങാ കിട്ടിയ പോലെ
നാവിലുദിക്കും അക്ഷരങ്ങൾക്ക പിശകു പറ്റയാൽ ജീവിതം സ്വഛന്ദമാകുമോ
നിറകുടം തുളുമ്പുകേല
നിന്ന പെടുത്തതല്ല കുറ്റം കൊണ്ടു വന്നതാ
നിന്നെപ്പോലെ നീ മാത്രം
നിനയാനേരത്തു വരുന്ന മരണത്തിനായി ഒരുങ്ങിയിരിക്ക
നിൽക്കുമ്പോ തോന്നുമിരിക്കാൻ; ഇരിക്കുമ്പോൾ തോന്നും കിടക്കാൻ; കിടക്കുമ്പോ തോന്നുമുറങ്ങാൻ
നിത്യത്തൊഴിൽ അഭ്യാസം
നിലയ്ക്കു നിന്നാൽ മലയ്ക്ക സമം
നിലാവ് തെളിവോളം പന്നി നിൽക്കുമോ
നിങ്ങളിൽ സുന്ദരന്മാരും സുന്ദരിമാരുമല്ലാത്തവരാരുണ്ട്
നീറുന്നതു ഉമിയാണെങ്കിലും കത്തുന്നതു തീയാണ്
നീളമുള്ളവരെ കണ്ടാലാരും അറിയാതെ നോക്കിപോകും
നീന്തലറിയാൻ വയ്യാത്തോൻ വഞ്ചിമുങ്ങിയാലെന്തു ചെയ്യും
നൂറുപുള്ളി മിടുക്കനാണോ
നെയ്യപ്പം തിന്നാൽ രണ്ടു ഗുണം
നെഞ്ചുരുകി വരും ബ്രാമണശാപം നെഞ്ചു തുളച്ചു കയറും
നെറ്റിപട്ടം മസ്തിഷ്ക്കത്തിലല്ലാതെ ആനേടെ ആസനത്തിലാ കെട്ടുന്നേ
നോക്കിപേടിപ്പിക്കരുത്
പണവും പ്രാർത്ഥനയും മോരും മുതിരയും പോലെ
പണമുണ്ടായാലും പ്രതാപമില്ലങ്കിലെന്ത്
പണക്കാരനും പാമരനും അവസാനം ആറടിമണ്ണ്
പണമില്ലാത്തോൻ പിണം
പണം താൻ ഉലകത്തിൻ ജീവനാഡി
പറയുന്നതിൽ കാമ്പു വേണം

പന്തം കണ്ട പേരുച്ചാഴി
പറയാനുള്ളതു പറഞ്ഞു തീർക്കണം
പറയാനുള്ളതു പറയാതിരുന്നാൽ പറയാനിരിക്കുന്നതും പറഞ്ഞു പരത്തും
പഠിച്ചതേ പാടത്തുള്ളു
പരിശ്രമശീലിയല്ലാത്തവൻ മടിയൻ
പകിട എപ്പോഴും പന്ത്രണ്ടേൽ വീഴത്തില്ല
പലരുടെയിടയിൽ പാമ്പും ചാകത്തില്ല
പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാകത്തില്ല
പത്തു പെറ്റമ്മേടടുക്കലാ കടിഞ്ഞൂൽ പ്രസവം പറേന്നത്
പണത്തിന്റെ മേൽ പരുന്തും പറക്കത്തില്ല
പട്ടിയ്ക്കു മീശ കുരുത്താൽ അമ്പട്ടനു എന്താ ഗുണം
പട്ടിപുല്ലു തിന്നുകയോ പശുവിനെക്കൊണ്ട് തീറ്റിക്കയോ ചെയ്യത്തില്ല
പട്ടിയ്ക്കറിയാമോ ഊച്ചിന്റെ മണം
പശുവിന്റെ കടിച്ചിലും കാക്കേടെ വിശുപ്പും മാറും
പണ്ടാരാണ്ടു പറഞ്ഞപോലെ
പയ്യെ തിന്നാൽ പനയും തിന്നാം
പട്ടക്കേന്തേ പടയിൽ കാര്യം
പട്ടരു പണ്ട് ചന്തയ്ക്കു പോയപോലെ
പരമന്റപ്പൻ വരും മുമ്പെ കണ്ണും പൂട്ടിയുറങ്ങെൻ മോനേ
പട്ടരെപറ്റിച്ചിട്ടഹങ്കരിക്കരുത്
പട്ടംകിട്ടയവനെ ശകുനം കാണാൻ കൊള്ളില്ല
പട്ടിയുടെ കയ്യിൽ പൊതിയാ തേങ്ങാ പോലെ
പട്ടി പട്ടിയെകാണുമ്പോൾ കുരയ്ക്കും
പടപേടിച്ചു പന്തളത്തു ചെന്നപ്പം പന്തോം കൊളുത്തി പട
പലതുള്ളി പെരുവെള്ളം
പലരോടും നിനയാതെ ഒരു കാര്യം തുടങ്ങല്ലെ; പണം മോഹി
ച്ചൊരുത്തനെ ചതിച്ചീടല്ലെ.
പഞ്ചപാണ്ഡവന്മാർ കട്ടിൽകാലുപോലെ മൂന്നു
പഞ്ചസാരയെന്നെഴുതി നക്കിയാൽ മധുരിക്കുമോ
പഞ്ചാരവാക്കും പറഞ്ഞ് തഞ്ചത്തിൽ കൂടിയിരിക്കുന്നവനെ സൂക്ഷിക്കണം
പഞ്ഞത്തിൽ കർക്കിടകം
പഞ്ഞമില്ലാതെ പാഴ്വാക്ക് പറഞ്ഞീടും രാഷ്ട്രീയക്കാർ
പഞ്ഞമാണെന്നു പറഞ്ഞ് കയ്യും കാലും കടിച്ചു തിന്നാൻ പറ്റുോ
പഴം തുണിയുടെ കൂടെ പുത്തൻ തുണി തുന്നിച്ചേർക്കുമോ

പഴത്തിന് ഉപ്പു പോരാ
പരോപകാരമേ പുണ്യം; പാപമേ പരപീഢനം
പഞ്ചവാദ്യങ്ങൾക്കു മുമ്പിൽ തഞ്ചമോട് നിന്നവനെ ഞാനെൻ തംബുരു വായിപ്പിക്കും
പറയുന്നതെന്തും പാലിച്ചീടേണം
പച്ചമാങ്ങായിൽ പുഴുവില്ലങ്കിലും പഴുത്തതിൽ സൂക്ഷിക്കണം
പച്ചമാങ്ങാ പുളിക്കുമെന്നോർത്ത് പഴുത്ത മാങ്ങാ തിന്നാതിരിക്കേണ്ട
പച്ചവെള്ളം ചവരച്ചു കുടിക്കും
പച്ചയ്ക്കെന്തും ശ്രേഷ്ഠമെങ്കിൽ പഴുത്താലാകണമെന്നില്ല
പച്ചതേങ്ങാ പൊതിയ്ക്കാനെന്തെളുപ്പം
പലപ്രാവശ്യം പൊതിയ്ക്കാൻ തുടങ്ങിയപ്പോഴല്ലേ അതിൻ രസം അറിഞ്ഞു തുടങ്ങിയത്
പഴുത്തതിനകത്തു പുഴു കേറിയാലെന്തു ചെയ്യും
പഴുത്തില വീഴുമ്പം പച്ചിലക്കാനന്ദം
പണ്ഡിതനും പാമരനും പിണ്ഡം വെയ്ക്കുന്നതൊരുപോൽ
പട്ടി കുരച്ചാൽ പടി തുറക്കുമോ
പട്ടി ചന്തയ്ക്കു പോയപോലെ
പണ്ടേ ദുർബല പിന്നെ ഗർഭിണി
പണ്ടുണ്ടോ പാണോൻ പോത്തു പൂട്ടീട്ട്
പണ്ടുള്ളോർ പറഞ്ഞിട്ടുള്ളതൊന്നും പാഴായിട്ടില്ല
പണ്ടമില്ലാത്തവളെ കാണുമ്പം അമ്മായമ്മയ്ക്കരിശം
പത്മനാഭനൽഭൂതമായതിൽ അത്ഭുതമൊന്നുമല്ല
പഞ്ഞത്തിൽ പത്തു തേങ്ങാ വെച്ചാൽ പതിനെട്ടു മുറി
പന്ത് ഏതായാലും പന്തളത്തായാലും പന്തം കത്തിച്ച് വെട്ടത്തിലും ഗോളടിക്കണം
പള്ളി വേറെ പള്ളിക്കൂടം വേറെ
പണ്ടില്ലാത്തതെന്തെല്ലാമിപ്പോൾ പാരിൽ
പണ്ടുണ്ടതും പാളേൽ തൂറിയതും പറഞ്ഞിട്ടെന്ത്
പാൽ ചുരത്തിയാൽ കറന്നു കളയണം
പാമ്പ് തമ്പാന് പമ്പാ റമ്മിലാണ് കമ്പം
പാലം കടക്കുവോളം നാരായണാ; നാരായണാ
പാലം കടന്നപ്പോൾ കൂരായണാ
പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല
പാചകന്മാർ പലരായാൽ കറി പാഴാകും

പാരിജാതത്തിൻ പരിമളം പറഞ്ഞറിയിക്കേണ്ടതുണ്ടോ
പാരപണിയുന്നോക്കാപ്പു തറയ്ക്കുന്നോർ
പാപി ചെല്ലുന്നിടം പാതാളം
പാടാത്ത വീണയും പാടും
പാപി ചെല്ലുന്നിടം പാതാളം
പാരപ്പുറത്തു തേങ്ങാ പൊതിയ്ക്കാനെന്തെളുപ്പം
പാമ്പിനെപ്പോലെ കൗശലവും പ്രാവിനെപ്പോലെകളങ്കമറ്റതുമായിരിക്കണം
പുലിവാലു പിടിച്ച പോലെ
പുരയ്ക്കു തീ പിടിക്കുമ്പോ വാഴവെട്ടണം
പുളവൻ കടിച്ചാലും അത്താഴം മുടങ്ങും
പുളിയുള്ളിടത്ത് പുഴു കാണുമോ
പിശുക്കന്റെ മുതൽ ഉറുമ്പരിക്കും
പിശുക്കൻ പണക്കാരനായിട്ടെന്തു ഫലം
പിള്ളവായിൽ കള്ളമില്ല
പിള്ള മനസ്സിൽ കള്ളമില്ല
പിള്ള അച്ഛനായാൽ പിള്ളേച്ചനാകുമോ
പിന്നെയും ഏങ്ങി വരുന്ന തല്ലു കൊള്ളിക്കാൻ
പിണ്ഡത്തിൽ ആനപിണ്ഡം വലുത്
പുകയുള്ളടത്തു തീ കാണും
പുകഞ്ഞകൊള്ളി പുറത്ത്
പുത്തരിയിൽ കല്ലു കടിച്ചു
പുളിക്കും പച്ച മാങ്ങാ പഴുത്താലോ
പുത്തൻപെണ്ണ് പുരപ്പുറം തൂക്കും
പുത്തൻചന്തയിൽ പൂരം കാണാൻ പുറപ്പെട്ട പുത്തൻപെണ്ണിനെന്തു്
പൂച്ചയ്ക്കെന്താ പൊന്നു തൂക്കുന്നിടത്തു കാര്യം
പൂവൻകോഴി പിട ചവുട്ടുന്നതിലെന്തത്ഭുതം
പൂച്ച ബ്ലാക്കോ വൈറ്റോ, ബ്ലാക്ക് ആൻഡ് വൈറ്റായാലും പൂച്ച്
പുറത്തു കാട്ടരുത്
പൂവനും പൂവനും കൂടി വേഴ്ചയുണ്ടോ
പൂച്ച പാലു കുടിക്കും പോലെ
പൂച്ചയ്ക്കാര് മണികെട്ടും
പൂച്ച പ്രസവിക്കും പോലെ
പൂച്ച കണ്ണുമടച്ച് പാലു കുടിക്കുന്നതുപോലെ
പൂച്ചയില്ലാത്തിടത്ത് എലി ഗന്ധർവ്വൻ

പൂമരങ്ങൾക്കറിയാമോ ഒരു പൂവിൻ വേദന
പൂവിനു സൗരഭ്യവും സൗകുമാരവുമില്ലങ്കിലെന്തിനു കൊള്ളാം
പെട്ടന്നുള്ള മരണം ഒരുക്കം തീക്ക്ാൻ പറ്റില്ല
പെണ്ണിന്റെ കൂടെകിടക്കാൻ പോയവനെ പിണ്ഡം വെച്ചു പുറത്താക്കി
പെയ്യെ പോയാൽ ബഹുദൂരം പോകാം
പെണ്ണില്ലന്നു വെച്ച് പെങ്ങളെ കെട്ടുമോ
പെണ്ണു പെടുത്താലും നിന്നു പെടുക്കരുത്
പെണ്ണായാൽ ഇരുന്നു പെടുക്കണം
പെടക്കോഴി കൂവിയാൽ അറുക്കണം
പെങ്ങളു മിന്നി ആങ്ങള വെട്ടി
പെണ്ണായി പിറന്നാൽ പേറ്റുവേദന അനുഭവിക്കാതിരിക്കരുത്
പെറ്റവളെ പോറ്റീടാണുത്തരവാദിയാണവൻ
പെറുന്നതിനു മുമ്പെ തൊട്ടിലു വാങ്ങരുത്
പേനാകൊണ്ടെഴുതിയാൽ കയ്യേൽ മഷി പറ്റും
പൊന്നും കുടത്തിന് പൊട്ടെന്തിന്
പൊന്നു കായ്ക്കും മരവും പുരയ്ക്കുമേൽ ചാഞ്ഞാൽ മുറിക്കണം
പൊന്നു സൂചിയാണെന്നു വെച്ച് കണ്ണിൽ കുത്താമോ
പോയാലൊരു വാക്ക് കിട്ടിയാലൊരു ആന
പോത്തിനോടു വേദമോതുമോ
പോലീസുകാരനെ കണ്ട കള്ളനെപ്പോലെ
പ്രകൃത്യായലുള്ള ഭംഗിക്കു തോരണം കെട്ടണോ
പ്രകൃതി കരയുമ്പോൾ ചെടികൾ വളരുന്നു
പ്രകൃതിയുടെ മുലമേൽ മരങ്ങളല്ലേ
പ്രകൃതിയുടെ വികൃതി കണ്ടുവിരളരുത്
പ്രശസ്തി തേടി പോകാതെ; നമ്മെ തേടി വരട്ടെ
പ്രകൃതീദേവീടെ കണ്ണീർകൊണ്ട് ഭൂമീദേവി സന്തുഷ്ടയാകും
പ്രസംഗം നന്ന് പ്രവൃത്തിയിലാക്കിയാൽ ഏറെ നന്ന്
പ്രസവവേദന പോലെ വലിയ വേദന വേറെയില്ല
പ്രണയമെന്നത് ഒരു ലഹരി
പ്രണയവേദനയിൽ ഉന്മാദത്തം തുളുമ്പും
പ്രണയം മൂച്ഛിക്കുമ്പോൾ ഭോഗമാകും
പ്രയാസമില്ലാത്തൊരു ജോലിയുമില്ലീ ഭൂവനത്തിൽ
പ്രാണപ്രിയന്റെ മാറിൽ പ്രേയസിയുടെ ആശ്വാസം
പ്രാണേശ്വരനെ പിരിഞ്ഞിരിക്കാനെന്തു പ്രയാസം

പ്രീണിപ്പിക്കാതെ പ്രേയസിയെ വിട്ടാൽ കൂടെ വേറെയാരെ പിന്നെക്കിട്ടും
ബ്രാമണൻ മനയിലും മെത്രാൻ അരമനയിലും
ഭത്സനമേൽക്കാതെ കുത്സുകരായിരിപ്പിൻ
ഭാരമുള്ളതെന്നു പറഞ്ഞ് ഏതു ജോലിയും മാറ്റിവെക്കരുത്
ഭൂമിയോളം ക്ഷമയുള്ളവൾ
ഭോഗവിദ്യയറിയാൻ വയ്യാത്തവൾ വേശ്യാ പണിക്കുപോയലെങ്ങിനെ
ഭോഗിക്കുന്നവനെ പ്രീണിപ്പിക്കുന്നത് ഭോഗകല
ഭോഗം കഴിഞ്ഞു കിടക്കും നാരി, നഗ്നതകാട്ടി കിടക്കുന്നതിലത്ഭുതമില്ല
ഭോഗിക്കാനെന്തു പ്രയാസം; അതിലും പ്രയാസം ഭോഗിക്കാതിരുന്നാൽ
ഭോഗപ്രക്രിയ ഒരു ദൈവീക വരദാനമാണ്
ഭോഗം നിൽത്തുമ്പോൾ രോഗങ്ങൾ പലതുണ്ടാകാം
ഭോഗപ്രക്രിയയിൽ അശ്ലീലമായിട്ടൊന്നുമില്ല
മടിയൻ മലചുമക്കും
മതമേതായാലും മനുഷ്യർ നന്നായാൽ മതി
മരം പൂത്തുലഞ്ഞ് മംഗളം നേരുന്നു
മരമറിഞ്ഞു വേണം കൊടി കേറ്റേണ്ടത്
മരത്തിലിരിക്കുമ്പോ കൈവിട്ടു കളിക്കരുത്
മരണത്തിനു മുമ്പെ മാവു നോക്കി വെച്ചേക്കണം
മണ്ടേലിരിക്കുന്നോനെ നോക്കി മണ്ടത്തരം കാട്ടരുത്
മണ്ടേലിരിക്കുന്നോൻ മര്യാദ പഠിപ്പിക്കും.
മണ്ടിയാണേൽ മണ്ടേലിരിക്കുന്നോൻ മഠയത്തരം കാട്ടും
മണലുകൊണ്ടു കയറു പിരിക്കുക
മസൂരി വന്നാൽ പഴവും തിന്നാം കള്ളും കുടിക്കാം
മർമ്മമറിയുവുന്നവൻ അടികൊണ്ടു വീഴും
മര്യാദ മാന്യതയുടെ ഒരു ലക്ഷണം മാത്രം
മന്ത്രം കൊണ്ടു മാങ്ങാ വീഴുകില്ല
മദ്യം ഏതായാലും മനുഷ്യന് പൂസാകണം
മച്ചിപശു കാളേ മെനക്കെടുത്തും
മണ്ണും പെണ്ണും പുരുഷന്റെ കൈമേനി പോലെ
മതിമതിയെന്നു രതിക്കിടയിലവളുര ചെയ്യുമ്പം നിൽത്തണം
മനുഷ്യൻ ദൈവമായാൽ പിന്നെ ദൈവമെന്തു ചെയ്യും
മനുഷ്യൻ മൃഗമായാൽ, മനുഷ്യനും മൃഗവും തമ്മിലെന്തന്തരം
**മനുഷ്യൻ മനുഷ്യനായി ജനിക്കണം, വളരണം, ജീവിക്കണം, മരിക്കണം**
മനുഷ്യന്റെ മലം ഭുജിച്ചാലും സ്വമലം നായ് ഭുജിക്കത്തില്ല

മനുഷ്യനുവേണ്ടി മതമുണ്ടായോ, മതത്തിനു വേണ്ടി മനുഷ്യനുണ്ടായോ
മർക്കടസ്യ സുരാപാനം
മനംപോലെ മംഗല്യം
മനസ്സിൽ കളങ്കമുള്ളോൻ എത്ര പ്രാർത്ഥിച്ചാലും ഫലമില്ല
മനുഷ്യാ നീ മണ്ണാകുന്നു
മർക്കടമുഷ്ടി ആർക്കും ഭൂഷണമല്ല
മഞ്ഞപിത്തമുള്ളവൻ നോക്കിന്നിടമെല്ലാം മഞ്ഞിച്ചിരിക്കും
മഞ്ഞൾ ഒരൗഷധമാണ്
മണ്ണായ നമ്മൾ മണ്ണിൽ അലിഞ്ഞു ചേരേണ്ടവരല്ലേ
മത്താപ്പൂ കത്തിച്ചാരും അത്തപ്പൂവിടാറില്ലല്ലോ
മഞ്ഞളിന് മഞ്ഞനിറം ചേർക്കേണ്ടതില്ല
മഞ്ഞ് പരിശുദ്ധിയുള്ളത്; കൈകൊണ്ട് തൊട്ടാലോ നിറം മാറും
മഞ്ഞ് കാണാൻ നല്ലത്; മഞ്ഞിലൂടെയുള്ള യാത്ര അതികഠിനം
മഴവില്ലിൻ നിറം ഏഴ്; ആറിവിൻ ഗുണം നിരവധി
മഴ പെയ്താലും മരം പെയ്യാതിരുന്നാ മതി
മനസ്സാ വാചാ കർമ്മണാ അറിയാത്ത കാര്യങ്ങൾ
മനസ്സുകൊണ്ട് മംഗല്ല്യം നടന്നു
മനസ്സിൽ തോന്നുന്നതെല്ലാം പാടി നടക്കരുത്
മനുഷ്യന് മനുഷ്യനെ കൊല്ലാനാര് അധികാരം കൊടുത്തു
മരണവീട്ടിൽ മദ്യം വിളമ്പുമോ
മരണനിദ്രയെക്കാൾ വലിയ സുഖനിദ്ര വേറെയേത്
മരണത്തിന് കനിവു തോന്നുമോ
മരണം വരുന്നതോർത്ത് ഭയപ്പെടരുത്
മദമിളകി വരുന്ന ആനയ്ക്കു മുമ്പിൽ മദ്ദളം കൊട്ടരുത്
മദ്യം മനശാന്തിക്കു നല്ലതോ
മദ്യം മധുരാക്ഷി നൽകിയാൽ മധുരിക്കുമോ
മരണത്തെ സന്തോഷത്തോടെ സ്വാഗതമേകുക
മടിയന്മാർ നിരവധി ഒന്നിച്ചാൽ നരകം സൃഷ്ടിയ്ക്കാം
മരമില്ലാ നാട്ടിൽ ആവണക്കു മഹാമരം
മർമ്മരസ്വനം മധുരിക്കുന്നതാക്കുക
മലർന്ന് കിടന്ന് മുകളിലോട്ട് തുപ്പരുത്
മല്ലനും മാടമ്പിയും രാജമുമ്പിൽ തല വണങ്ങുന്നതെന്തിന്
മരിച്ചവനെ കെട്ടിപ്പിടിച്ചാണോ കിടന്നുറങ്ങിയത്
മാവു വെട്ടാൻ മലയിൽ പോണോ

മാറാത്തരോഗം മാറിൽ വന്നാൽ മാറു മറയ്ക്കാതെന്തു ചെയ്യും
മാതൃസ്നേഹം വിലയ്ക്കു വാങ്ങാൻ പറ്റോ
മാണിക്യത്തിൻ മാറ്റുരയ്ക്കാൻ മെനക്കെടുമോ
മാതാപിതാഗുരു ദൈവം
മിന്നുന്നതെല്ലാ പൊന്നല്ല
മിണ്ടാണ്ടിരിക്കുന്നോളുടെ മണ്ടേൽ കേറാൻ ആളു കൂടും
മിണ്ടാപൂച്ച കലമുടയ്ക്കും
മീനിനെ കാണുവോളം പൊന്മാൻ സന്ന്യാസി
മീന്റെ കുഞ്ഞിനെ നീന്തൽ പഠിപ്പിക്കണോ
മുറ്റത്തെ മുല്ലയ്ക്കു മണമില്ല
മുല്ല വള്ളി പടന്നേ കയറൂ
മുരുക്കു വളന്നാൽ ഉരുക്കാകുമോ
മുട്ടയിട്ടകോഴി നിന്നു കൂവരുത്
മുഖം ഹൃദയത്തിന്റെ കണ്ണാടിയാണ്
മുള്ളേൽ പിടിച്ചാലും മുറുകെ പിടിക്കണം
മുതലകണ്ണീർ വാക്കുക
മുള്ളിന്മേൽ ഇല വീണാലും മുള്ള് ഇലമേൽ വീണാലും ഇലക്കു കേട്
മുകളിൽ വെച്ചാൽ പേനരിക്കും, താഴെ വെച്ചാൽ ഉറുമ്പരിക്കും
മുന്തിയതെന്തും തനിക്കു വേണമെന്ന് പാമരനാശിച്ചിട്ടെന്തുഫലം
മുറിപ്പാടല്ലാതെ മുഴുവൻ പഴുത്ത ചക്ക പട്ടിണി പാവങ്ങൾക്കു തിന്നാൻ പറ്റോ
മുരുകേൽ പിടിച്ചാ കയ്യേ മുള്ളുകൊള്ളും
മുങ്ങാൻ പോകുന്നവനും കച്ചിതുരുമ്പും ഉതകും
മുസ്ലീമിനു പെണ്ണ് നാലാണെങ്കിൽ അവരെ പോറ്റാനവനു കഴിയും
മുളയിലെ നാമ്പു നുള്ളികളയുക
മുല്ലപ്പൂ മണമേറ്റു കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം
മുറിച്ച തണ്ണിമത്തങ്ങ മുഴുവനുപയോഗിക്കാതെ വെച്ചാൽ പെട്ടന്ന് കേടാകുമല്ലോ
മൂത്തവർ വാക്കും മുതുനെല്ലിക്കയും മുമ്പേ കയ്ക്കും പിന്നെ മധുരിക്കും
മൂക്കില്ലാ നാട്ടിൽ മുറിമൂക്കൻ രാജാവ്
മൂക്കോളം മുങ്ങിയാൽ മൂവാളോ നാലാളോ
മൂഷികസ്ത്രീ പിന്നേം മൂഷികസ്ത്രീ
മൊന്തയുടെ തലയ്ക്കു പിടിച്ച് കളിക്കരുത്
മോരും മുതിരയും പോലെ

മോങ്ങാനിരുന്ന നായുടെ മേൽ തേങ്ങാ വീണ പോലെ
മെരുക്കിയെടുത്തു പരുവത്തിലാക്കിയാൽ ഏതും നന്ന്
മൃഗീയഭോഗം രതിയിൽ മെച്ചം
യന്ത്രത്തിന് കേടുപറ്റിയാൽ തച്ചനെന്തു ചെയ്യാൻ പറ്റും
യന്ത്രത്തിൽ നിന്ന് തന്ത്രമോ തന്ത്രത്തിൽ നിന്ന് യന്ത്രമോ ഉണ്ടാകുന്നില്ല
യന്ത്രങ്ങൾ പലവിധമുലകിൽ തന്ത്രങ്ങളാലല്ലിതു നിർമ്മിതം
യന്ത്രം തന്ത്രം കൊണ്ടു നടക്കില്ലല്ലോ
യഥാ രാജാ തഥാ പ്രജ
യത്നിക്കുക രമ്യമായീടാനെപ്പോഴും
യമനുണ്ടോ മരണഭയം
യക്ഷിയെ കണ്ടിട്ടുള്ളവൻ യിക്ഷിതയിലുണ്ടാവില്ല
യക്ഷിയെ തളയ്ക്കാൻ തന്ത്രങ്ങളേറെ
യക്ഷിക്കെന്തിനക്ഷരജ്ഞാനം
യക്ഷിക്കിക്ഷിതിയിലെന്തുമാകാം
യക്ഷിയെ വേദം പഠിപ്പിക്കേണ്ട
യക്ഷിയോടു മല്ലിടുന്നതു സൂക്ഷിച്ചു വേണം
യാചകർ ജാള്യത്തിൽ ഖേദിക്കുന്നല്ല
യാന്ത്രികം മനുഷ്യജീവിതം അമേരിക്കയിൽ
രണ്ടുംകെട്ടോനെന്തുമാകാം
രക്ഷിക്കാൻ കഴിവുള്ളവനേ ശിക്ഷിക്കാൻ പാടുള്ളു
രതിയ്ക്കിടയിലാണോ വേദം പഠിക്കുന്നത്
രതിയ്ക്കിടയിൽ വിശ്രമം പാടില്ല
രതിയിൽ കനിവു കാട്ടരുത്
രതിയിൽ സുഖം കൂടാനെന്തുമാകാം
രതിമൂർച്ഛയിൽ ശബ്ദകോലാഹലം
രതിയൊരു  കലയാണ്; അതിൽ മായം ചേർക്കരുത്
രമിക്കാനുള്ള വിദ്യയെവിടുന്നു പഠിക്കുന്നു
രണ്ടു കയ്യും കൂട്ടിയടിച്ചാൽ ശബ്ദമുണ്ടാകും
രണ്ടും കെട്ടവനോടൊന്നും മിണ്ടാതിരിക്കുന്നതുത്തമം
രംഭ തിലോത്തമാർക്കന്തരമുണ്ടല്ലോ
രണ്ടുംകെട്ടവനെ മാറി നടക്ക
രാമേശ്വരത്തെ ക്ഷൌരം പോലെ
രാജാവിൻ നെറ്റിയിലിരിക്കും ചേറ് തങ്കമായ് തിളങ്ങും
രാമായണം മുഴുവൻ വായിച്ചിട്ട് സീത രാമന്റെ ആരെന്ന്

ചോദിക്കും പോലെ
രാഗവും രാഗവും കൂടുമ്പോൾ അനുരാഗമാവത്തില്ലല്ലൊ
രോഗികൊതിച്ചതും വൈദ്യൻ കല്പിച്ചതും പാൽ
ലോകമെന്തു പിഴച്ചു ശോകമയമാവാൻ
ലോകനിലനിൽപ്പിന് ഭോഗപ്രക്രിയ അത്യന്താപേക്ഷിതമാണ്
ലൈകീകരാജത്വം നാശം വിതയ്ക്കും
വല്ലഭനു പുല്ലും ആയുധം
വല്ലവൾ വെച്ചാലും നല്ലവൾ വിളമ്പണം
വയറ്റിലോട്ടു പോകുന്നതല്ല വായിൽ നിന്നു പോകുന്നതാണ് ദോഷം ചെയ്യുന്നത്
വയനാടിൻ ചുരത്തിലകപ്പെട്ട പോലെ
വയറിനു പിടിക്കാത്തതു തിന്നാൽ തീട്ടം കൊണ്ടാറാട്ട്
വയറ്റിപ്പിഴപ്പ് വേശ്യാവൃത്തി
വയറ്റിച്ചെല്ലാത്തത് വാ കൊണ്ടുരച്ചിട്ടെന്തുഫലം
വരാനുള്ളത് വഴിയിൽ തങ്ങില്ല
വണ്ടിതാങ്ങുന്ന കാളയ്ക്കതിന്റെ അണ്ടി ഒരു ഭാരമല്ല
വണ്ടി വന്നിട്ടും കേറാനാളില്ല
വണ്ടിയേലിരിക്കുന്നോക്കതിൻ ചക്രത്തിൻ വേദനയറിയോ
വണ്ടിയോടിക്കുന്നോനറിയുന്നുണ്ടോ വണ്ടിചക്രത്തിൻ വേദന
വണ്ടിയോടിക്കുന്നോനറിഞ്ഞിരിക്കണം യന്ത്രമമ്മരസ്വനം
വണ്ടിനെന്തേ വീണ വായിക്കുന്നിടത്ത്
വളക്കുകയേ ആകാവൂ ഒടിക്കരുത്
വന്ദിച്ചില്ലേലും നിന്ദിക്കരുത്
വളം ഏതായാലും കായ് നന്നായാൽ മതി
വഴിയേപോയ വയ്യാവേലി വലിച്ചു ചീലേൽ വക്കരുത്
വലിഞ്ഞുകേറി വഴക്കുണ്ടാക്കരുത്
വല്ലോന്റേം വയറ്റിലേതു കണ്ട് അവനവന്റെ വീട്ടി പട്ടിയേ വളത്തരുത്
വമ്പു പറയുന്നവന്റെ ഇമ്പമുള്ള സ്വനം കേൾപ്പാനാക്കാ കമ്പമുള്ളത്
വല്ലോന്റേം പുല്ലിനു പൂട പറിച്ചാൽ പുല്ലുണ്ടോ പൂടയുണ്ടോ
വല്ലോന്റേം അമ്മയ്ക്ക് പേ പിടിക്കുമ്പോ കാണാൻ ശേല്
വല്ലോന്റേം വാക്കു കേട്ട് വിദ്വേഷം വിലയ്ക്കു വാങ്ങരുത്
വള്ളമിപ്പോഴും കൈനക്കരതന്നെ
വഞ്ചിയിൽ വെള്ളം കയറാതെ സൂക്ഷിക്കണം
വഞ്ചി മറിച്ചാൽ വെള്ളത്തിൽ വീഴും

വഞ്ചിയേൽ കേറിയാൽ അക്കരെ പോകാം
വഞ്ചിക്കാരന്റെ ജീവിതം പോലെ
വഞ്ചിയേലിരുന്ന് രാഷ്ട്രീയം പറേരുത്
വായിച്ചോണ്ടിരുന്നാ വയറ്റിൽ ചെല്ലോ
വാ തോരാതെ സംസാരിക്കുന്നോർ വായിൽകൊള്ളാത്ത വർത്തമാനം പറയരുത്
വായിൽ തോന്നിയത് കോതയ്ക്കു പാട്ട്
വായിക്കുന്തോറും വിജ്ഞാനം വർദ്ധിച്ചീടും
വാളെടുക്കുന്നോൻ വാളാൽ തന്നെ
വായിക്കാന്നറിയാൻവയ്യാത്തോനെന്തിനാ പുസ്തകം
വായിലിട്ടാൽ കയ്ക്കും കാപ്പിക്കുരുവും പൊടിച്ചു കിട്ടിയാൽ
വാ തന്നോൻ ഇരയെ തന്നിടും
വായ്ക്കരിയിടേണ്ടവൻ വാതുവെക്കാൻ പോകരുത്
വാക്കുകൾക്ക് പഞ്ഞാമില്ലാത്തവൻ വാചാലൻ
വാതത്തിനും വായുവിനും ആട്ടിൻപാൽ അത്യുത്തമം
വാതിൽപടിയിൽ നിൽക്കുന്നവൾ ഐശ്വര്യമില്ലാത്തവൾ
വിത്തുഗുണം പത്തു ഗുണം
വിദ്വാനു വേദമോതികൊടുക്കേണ്ടതുണ്ടോ
വിദ്യാധനം സർവ്വധനാൽ പ്രധാനം
വിളിക്കാതെ പോയാൽ ഉണ്ണാതെ പോരാം
വിനാശകാലേ വിപരീത ബുദ്ധി
വിളിച്ചുണർത്തി അത്താഴമില്ലന്നു പറയും പോലെ
വിളമ്പുന്നോൻ അറിഞ്ഞില്ലങ്കി ഉണ്ണുന്നോനറിയണം
വിക്കുള്ളവന് വക്കില്ലാ കലത്തിൽ കഞ്ഞി
വിത്തു കിളിപ്പിച്ചാലെ ഫലം കിട്ടുകയുള്ളു
വിത്തെടുത്ത് ചുട്ടു തിന്നരുത്
വിത്തെടുത്ത് വിരുന്നൂട്ടരുത്
വിത്തെടുത്ത് വിശപ്പു മാറ്റരുത്
വിത്തിനിട്ട ചേമ്പെടുത്തു ചുട്ടുതിന്നതാരെടി
വിശക്കുന്നതിന് വിത്തിനുള്ളതേ ഉള്ളോ
വിത്തിനും പത്തിനും കൂടെ ഒന്ന്
വിദ്യയറിയാത്ത സുന്ദരിയെക്കൊണ്ടെന്തുഫലം
വിദ്യയുള്ളവന് വിവേകം കാണും; വിവേകമുള്ളവൻ മാന്യനാകും
വികാരം വിവേകത്തെ മാറ്റി നിർത്തും; വിവേകം വികാരത്തേയും.

വിദ്യയില്ലാത്തവൻ ബഹുമിടുക്കൻ
വിതച്ചതേ കൊയ്യൂ
വിദ്വാനോടെന്തു പറഞ്ഞാലും വിദ്വേഷം വരില്ല
വിദ്യ യാചിക്കുന്നവൻ വിദ്യാർത്ഥി
വിദ്ധ്വാനാഭരണം വിജ്ഞാനം
വിശുദ്ധനായവനെ അശുദ്ധനാക്കാൻ ശ്രമിക്കല്ലെ
വിശ്രമമില്ലാത്ത അശ്രാന്ത പരിശ്രമശാലി
വില്ലില്ലാതെ അമ്പു തറയ്ക്കത്തില്ലല്ലോ
വീണതു വിദ്യയാക്കി
വീട്ടിൽ വളർത്തുന്നതായാലും പട്ടിയ്ക്കും പൂച്ചയ്ക്കും മര്യാദയറിയാമോ
വെള്ളത്താലെ കിട്ടിയത് വെള്ളത്താലെ പോകും
വെള്ളത്തിലെ വരപോല
വെള്ളത്തിൽ കിടന്നു നീറുകയാണ്
വെള്ളത്തിൽ കിടക്കുന്നോന് സുഖമെന്നു കരുതല്ല്
വെള്ളമില്ലാതെ ജീവിക്കാൻ പറ്റ്വേ
വെള്ളമടിച്ചേ ജീവിക്കാൻ പറ്റ്വോ
വെള്ളത്തിലും കരയിലും ജീവിക്കാൻ പഠിക്കുക
വെള്ളത്തിൽ വീണ ആലില പോലെ
വെള്ളത്തിൽ വീണ പൂച്ച
വെള്ളത്തിൽ കിടക്കുന്ന ആമ്പലു പോലെ
വെളുക്കാൻ തേച്ചതു പാണ്ടായി
വെട്ടാൻ വരുന്ന പോത്തിനോട് വേദം ഓതരുത്
വെറും വാ ചവയ്ക്കുന്ന മുതലാളി അവലു കണ്ടാൽ വിടുമോ
വെണ്ണയിരിക്കെ നെയ്ക്ക് അലയണമോ
വെറുതെയാരെങ്കിലും ഭോഗിക്കാൻ നിന്നു തര്വോ
വെന്തചോറിന് രുചി പോരെങ്കിൽ വേവാത്തത് തിന്നാൻ പറ്റ്വോ
വെളുത്തതെല്ലാം പാലല്ല
വെള്ളത്തിൽ ചിത്രം വരയ്ക്കാൻ പറ്റ്വോ
വെള്ളമില്ലാത്തിടത്ത് കുഴിച്ചിട്ടെന്തു ഫലം
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
വേലചെയ്യുന്നവൻ കൂലിക്കർഹനല്ലേ
വേല ചെയ്യാതെ കൂലി ചോദിക്കരുത്
വേലിയേ കിടന്ന പാമ്പിനെ എടുത്തു കോണോത്തി വെച്ചു
വേലിയേ കിടന്നത് വിലയ്ക്കു വാങ്ങി ചീലേലിട്ടിട്ട് കടികൊള്ളാൻ മേലാന്ന്

വേശ്യയെ ശകുനം കാണാൻ ഏറെ നന്ന്
വേശ്യേടടുക്കേന്ന് കിട്ടുന്നത് ഭാര്യേടടുക്കേന്ന് കിട്ടുമോ
വേശ്യേടടുക്കൽ വഴക്കിടാൻ പോയാൽ നാറും
വേശ്യേടടുക്കൽ കടം പറയരുത്
വേശ്യ നല്ലതെങ്കിൽ കളരി പലതും പുത്തൻ പഠിച്ചീടും
വേശ്യയെ പിടിച്ച് ബലാൽസംഗം ചെയ്യരുത്
വേശ്യയോടു പെരുമാറുന്നപോലെ വേറെയാരോടെങ്കിലും പറ്റോ
വേവും വെരെ നിന്നാൽ ആറും വെരെ നിക്കരുതോ
വേലി തന്നെ വിളവു തിന്നാലോ
വേഷമിട്ടാൽ ഏതു പോലീസിന്റേം ഭാഷ മാറും
വേലിചാടിപശുവിന്റെ മകൾ മതിലു ചാടി
വൈകുവോളം വെള്ളം കോരി വൈകിട്ടു കുടം ഉടയ്ക്കണോ
ക്ഷമാബലമശക്തനാം ശക്തനാം ഭൂഷണം ക്ഷമ
ക്ഷീരം കൊണ്ടു നനച്ചാലും വേപ്പിൻ കനയ്പ്പ് ശമിച്ചീടാ
ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനു കൗതുകം
ശക്തിയുള്ളവൻ മുക്തിക്ക് പരിശ്രമിക്കാം
ശവത്തിന്മേൽ കുത്തരുത്
ശവകല്ലറയിൽ കിട്ടുന്നത്ര സമാധാനം വേറെവിടുന്നു കിട്ടും
ശകുനം നന്നെന്നു വെച്ച് വെളുപ്പോളം കക്കുകകയോ
ശകുനം നന്നെന്നു കരുതി ദിവസം മുഴുവൻ പെരുവഴിയിലോ
ശലൊമോന്റെ കൂടെ കിടന്നവർ ഒരായിരം
ശരീരത്തിന് നീളം വെക്കാൻ സൈക്കിൾ ചവിട്ടുന്നതും നന്ന്
ശിലയുമലിയാത്ത കഠിന ഹൃത്തനോ
ശീഘ്രം പായും ഏതു വണ്ടിയും ചുവപ്പു വെളിച്ചത്തിൻ മുമ്പിൽ നിൽക്കും
ശൈത്യം നല്ലത്; അതിശൈത്യം വാതത്തിനു ഹേതു
ശ്ലീകാര്യമല്ലാത്തതെല്ലാം അശ്ലീലമാണ്
സങ്കല്പത്തിൽ ദാമ്പത്ത്യം തുടങ്ങിയാൽ സന്താപമല്ലാതെന്തു ബാക്കി
സമാധാനമില്ലങ്കിൽ പിന്നെ ധനം നേടുന്നതുകൊണ്ടെന്തർത്ഥം
സർക്കാർ കാര്യം മുറപോലെ
സർക്കസു ക്യാമ്പിലെ പുലി പോലെ
സമ്പത്തു കാലത്തു കാ പത്തു നട്ടാൽ ആപത്തു കാലത്തു കാ പത്തു തിന്നാം
സങ്കടങ്ങൾ പലവിധമീയുലകിൽ
സമ്പാദ്യമെല്ലാം ശവക്കല്ലറ വെരെ

സൻഫ്രാസിസ്ക്കോയിൽ പോയി ചന്തി കാണിച്ച് നടക്കരുത്
സന്തോഷസന്താപത്തിൽ മനമിളകരുത്
സന്മനസ്സുള്ളവർക്കീ ഭൂമിയിൽ സമാധാനം
സമ്മതമില്ലാതവളുടെ മേലേ കേറിയാൽ സംഗതിയാകെ കുഴപ്പത്തിൽ
സന്തോഷസന്താപത്തിൽ കൂടെയുള്ളവൻ ആത്മ സുഹൃത്ത്
സന്തോഷത്തിലും സന്താപത്തിലും കണ്ണുനീർ കൂടെയുണ്ട്
സസ്യഭുക്കാണെങ്കിലും ആനറിയച്ചി ആരെങ്കിലും തിന്ന്വോ
സന്ധ്യയ്ക്കു നാമം ജപിക്കുന്നിടത്തൈശ്വര്യമുണ്ടാകും
സാറെത്ര തല്ലിയാലും ഞാൻ നന്നാവില്ല
സാറെ സാറെ സാറിന്റെ വീട്ടിൽ കല്യാണം
സാറിനിഷ്ടം തോന്നാൻ എന്തു ചെയ്യണം
സാറിന്റെ സാറിനെ സാറെന്തു വിളിക്കും
സാറേ സാറെങ്ങിനെ സാറായി
സാറേം സാറാമ്മേം സാറാകണമെന്നില്ലല്ലോ
സാറിന്റമ്മേമപ്പനും സാറായിരുന്നോ
സായിപ്പിനെ കാണുമ്പോ കവാത്തു മറക്കും
സായിപ്പിന്റെ നാട്ടിൽ സായിപ്പ് സായിപ്പിനെ എന്തു വിളിക്കും
സായിപ്പിന്റെ കൂടെ നടന്നിട്ട് സായിപ്പാകാഞ്ഞതെന്ത്
സായിപ്പിന്റെ കൂടെ കിടന്നാൽ സായിപ്പാകുമോ
സായിപ്പിനെ കണ്ട് മതി മറന്നവൻ നാട്ടിൽ സായിപ്പിനെ കണ്ടാലെന്തു തോന്നും
സായിപ്പിനെ കാണുമ്പോളെന്താ ചോദിക്കേണ്ടത്
സായിപ്പിന്റെ പെണ്ണ് മദാമ്മ
സാരിയുടുത്തില്ലേലും പാവാടയില്ലേലും കോണോം കെട്ടാതെ നടക്കല്ലെ
സുന്ദരിയല്ലാത്തവൾ അഹന്തയില്ലാത്തവളാണ്
സുവിശേഷം ഘോഷിക്കുന്നവനും ആഹരിക്കേണ്ടേ
സുന്ദരിയെ കയ്യിൽ കിട്ടിയ വിഢിയെപോലെ
സൂചി കേറാത്തിടത്ത് തൂമ്പാ കേറ്റും
സ്വർഗ്ഗത്തിലായാലും സ്വപ്നക്കാരത്തിക്ക് പരാതി
സ്വർഗ്ഗത്തിൽ വിവാഹം നടന്നു
സ്വർഗ്ഗവും നരകവും മനുജ സങ്കല്പമല്ലേ
സ്വരം നന്നായിരിക്കുമ്പോഴേ പാട്ടു നിറുത്തണം
സ്വർഗ്ഗത്തിലെ കട്ടുറുമ്പ്
സ്വവർഗ്ഗസ്നേഹം നല്ലതു തന്നെ

സ്വത്തേറെയുള്ളവർ നിദ്രാ വിഹീനർ
സ്വത്തേറെയുള്ളവന് മരിക്കാൻ മനസ്സില്ല
സ്വത്തേറെയുള്ളവന് സ്വസ്ഥയില്ലൊരിക്കലും
സ്വാന്തനം സംഗീതത്തിൽ കൂടെയുമാകാം
സ്വപ്നങ്ങളില്ലായിരുന്നെങ്കി നിശ്ചലം ശൂന്യമീ ഭൂമി
സ്വന്ത ശരീരത്തെസ്നേഹിക്കാത്തവൻ മറ്റുള്ളവനെ സ്നേഹിക്കുമോ
സ്വന്തവീട്ടിലായാലും കല്യാണപന്തലിൽ പട്ടിയ്ക്കും പൂച്ചയ്ക്കും
പങ്കെടുക്കാൻ പറ്റോ
സ്വന്തമായിട്ടെനിക്കെന്തുണ്ടന്ത്യത്തിൽ
സ്വന്തമെന്ന പദത്തിനെന്തർത്ഥം
സ്വർണ്ണവും ചെമ്പും ചേർന്നാൽ ബലവത്ത്
സ്വർണ്ണവും ചെമ്പും തിളങ്ങുമെങ്കിലും ചെമ്പൊരിക്കലും സ്വർണ്ണ
മാകത്തില്ലല്ലോ
സ്വർണ്ണത്തേലൊരിക്കലും ക്ലാവു പിടിക്കുമോ
സ്വർണ്ണം പോലെ ചെമ്പു തിളങ്ങണമെങ്കിൽ ആയാസം എത്രയേറെ
സുഖദുഃഖ മിശ്രമാമീജീവിതം സൈക്കിളുകാരന്റെ
റോഡുപോലെയാണ്
സ്നേഹം മൂർച്ഛിക്കുമ്പോൾ പ്രണയമാകും
സൗന്ദര്യോം കണ്ടോണ്ടിരുന്നാ വയറു നിറയുമോ
സൗഖ്യം മാത്രം തേടി പോകുന്നവർ ശവക്കല്ലറയിൽ ചെന്നു നിൽക്കും
സൗരഭ്യത്തെ നാസിക സ്വാഗതമോതുന്നു
സൗരഭ്യത്തെ ശപിക്കുന്നവരുലകിലുണ്ടോ
സംഗീതം ഒരൗഷധമാണല്ലോ
സംസാരം വെള്ളിയാണെങ്കിൽ മൗനം സ്വർണ്ണമാ
സംഗീതം കേൾക്കാനെന്തു സുഖം; തിന്നാൻ പറ്റത്തില്ലല്ലോ
ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ
റോസാപൂവിനുമ്മകൊടുത്താലും, മൂക്കിൽ പുഴു കേറാതെ നോക്കണം

Typed, Typeset, Compiled, Printed and Published : Joykutty, Detroit
This is a Joykutty Publication